I.ഇ.ബി. XIIകേരള നിയമസഭ/VIII-3

**പന്ത്രണ്ടാം കേരള നിയമസഭ**

എട്ടാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2008 ജൂൺ 25, ബുധൻ

നിയമസഭ രാവിലെ 8.30 -ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തിരപ്രമേയം**

സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ അഡ്മിഷൻ നടപടികളും ഫീസ് നിരക്കും

മി. സ്പീക്കർ : അയൽ സംസ്ഥാനങ്ങളിലെയും അഖിലേന്ത്യാ ക്വാട്ടയിലെയും പ്രൊഫഷണൽ കോളേജുകളിലെ അഡ്മിഷൻ നടപടികൾ പൂർത്തിയാകാറായിട്ടും സംസ്ഥാനത്തെ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ അഡ്മിഷനും ഫീസ് നിരക്കും സംബന്ധിച്ച് വ്യക്തമായ വ്യവസ്ഥകൾ ഇനിയും ഉണ്ടാകാത്തതുമൂലവും ഫീസ് റെഗുലേറ്ററി കമ്മിറ്റിയുടെ ശുപാർശകളെ അവഗണിച്ച് ഗവൺമെന്റ് ഏകപക്ഷീയമായി ഫീസ് നിശ്ചയിക്കാൻ തയ്യാറാകുന്നതുമൂലവും ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെ സംബന്ധിച്ച് സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ.സി.

ജോസഫ്, സി.ടി. അഹമ്മദ് അലി, ജോസഫ് എം. പുതുശ്ശേരി, കെ.ബി. ഗണേഷ്കുമാർ, കെ.കെ. ഷാജു എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ.എം.എ. ബേബി) : സ്വാശ്രയ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെല്ലാം യാതൊരു പ്രശ്നവും കൂടാതെ പ്രവേശനം പൂർത്തിയാക്കാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്. സ്വാശ്രയ മെഡിക്കൽ കോളേജുകളുടെ പ്രവേശന പ്രക്രിയ സുപ്രീം കോടതിയുടെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടു മാത്രമേ പൂർത്തിയാക്കാൻ പറ്റുകയുള്ളൂ. ഭൂരിപക്ഷം വരുന്ന സ്വാശ്രയ മെഡിക്കൽ കോളേജ് മാനേജ്മെന്റുകളുമായി ഗവണ്മെന്റ് ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ അഡ്മിഷൻ ജൂലൈ മാസം 17-ാം തീയതി ആരംഭിച്ച് സെപ്റ്റംബർ മാസം 30-ാം തീയതിക്കകം പൂർത്തിയാക്കാൻ ധാരണയായിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന 2006-07 അധ്യയനവർഷത്തിൽ കേരളത്തിലെ എല്ലാ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലും 50 ശതമാനം സീറ്റിൽ പ്രവേശിപ്പിക്കപ്പെട്ട വിദ്യാർത്ഥികൾ ഗവൺമെന്റ് ഫീസിലാണ് പഠിച്ചുകൊണ്ടിരിക്കുന്നത്. സുപ്രീം കോടതിയുടെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായ ഒരു ഫീസ് ഘടന നിശ്ചയിക്കാൻ ജസ്റ്റിസ് മുഹമ്മദ് കമ്മിറ്റിക്ക് കഴിയുകയില്ല. ഫീസ് ഘടന സംബന്ധിച്ച് പ്രൊഫഷണൽ സ്ഥാപനങ്ങളും ഗവൺമെന്റും തമ്മിൽ സമവായത്തിലെത്താമെന്ന് സുപ്രീം കോടതി വിധിയിൽ പറയുന്നുണ്ട്. ക്രോസ് സബ്സിഡി പാടില്ലെന്ന് പൊതു നിരീക്ഷണം നടത്തിയിട്ടുണ്ടെങ്കിലും 15 ശതമാനം എൻ.ആർ.ഐ. സീറ്റിൽ ഉയർന്ന ഫീസ്നിരക്ക് ഈടാക്കി ആവശ്യമുള്ള വിദ്യാർത്ഥികൾക്ക് സഹായം കൊടുക്കാമെന്ന് സുപ്രീം

കോടതി പറഞ്ഞിട്ടുള്ളതിന്റെ വെളിച്ചത്തിൽ കർണ്ണാടകയിൽ വ്യത്യസ്തമായ ഫീസ് ഘടന നിലനിൽക്കുന്നുണ്ട്. ഇന്റർ ചർച്ച് കൗൺസിലുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ചില സ്വകാര്യ മെഡിക്കൽ കോളേജുകളും എഞ്ചിനീയറിംഗ് കോളേജുകളും  സ്വീകരിക്കുന്ന നിരുത്തരവാദപരമായ സമീപനം സ്വാശ്രയ വിദ്യാഭ്യാസ രംഗത്ത് ചില പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. അടിയന്തിരപ്രമേയ നോട്ടീസിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് അനിശ്ചിതത്വം നിലവിലില്ല. ഇക്കാര്യം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ.കെ.സി. ജോസഫ് </u>: ജസ്റ്റിസ് മുഹമ്മദ് കമ്മിറ്റി, പ്രൊഫഷണൽ കോളേജുകളിലേയ്ക്കുള്ള പ്രവേശനഫീസ് നിർണ്ണയിച്ചതിനുശേഷം അതിനെ മറികടന്നുകൊണ്ട് ഗവൺമെന്റ് ഏകപക്ഷീയമായി ഉയർന്ന നിരക്കിലുള്ള ഫീസ് നിർണ്ണയിച്ച് സ്വാശ്രയ മാനേജ്മെന്റുകളുമായി കരാറിൽ ഒപ്പുവച്ചത് കോടതിവിധിയുടെ ലംഘനമാണ്. ജസ്റ്റിസ് മുഹമ്മദ് കമ്മിറ്റിയെ മറികടന്നുകൊണ്ട് അഡ്മിഷൻ നടപടികൾ നടത്താനോ ഫീസ് സ്ട്രക്ച്ചർ നടപ്പിലാക്കാനോ ഉള്ള അധികാരം ഗവൺമെന്റിനില്ല.  കഴിഞ്ഞ വർഷം ഗവൺമെന്റ്, ഫീസ് സംബന്ധിച്ച് ഉണ്ടാക്കിയ കരാർ കോടതി സ്റ്റേ ചെയ്തതുപോലെ ഈ കരാറും കോടതിയിൽ ചോദ്യം ചെയ്യപ്പെടും. ഈ കരാറിലൂടെ സ്വാശ്രയ പ്രൊഫഷണൽ മാനേജ്മെന്റുകൾക്ക് നിക്ഷേപം വാങ്ങിക്കാൻ അനുവാദം കൊടുത്തിരിക്കുകയാണ്.  ക്രോസ് സബ്സിഡി പാടില്ലെന്നുള്ള ചട്ടം ലംഘിക്കുകവഴി ഗവൺമെന്റ് കോടതിവിധി ലംഘിച്ചിരിക്കുകയാണ്. സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ ഉയർന്ന ഫീസ് നൽകി പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സമൂഹത്തോടുള്ള പ്രതിബദ്ധത

ഇല്ലാതാകും. വിദ്യാഭ്യാസത്തെ കച്ചവടച്ചരക്കാക്കാൻ ഈ ഗവൺമെന്റ് കൂട്ടുനിൽക്കുന്നു. ഒരു സ്വാശ്രയ കോളേജിലും 50 ശതമാനം സർക്കാർ ഫീസ് ഇന്ന് നിലവിലില്ല. സ്വാശ്രയ മെഡിക്കൽ കോളേജിൽ കോഴ്സ് പൂർത്തിയാക്കുന്ന ഒരു വിദ്യാർത്ഥിക്ക് വലിയ തുക ഫീസിനത്തിൽ ആവശ്യമായി വരും. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷമുള്ള മൂന്നു വർഷവും ഇതു സംബന്ധിച്ചുള്ള ചർച്ചകൾ ആരംഭിക്കുന്നത് വിദ്യാലയ വർഷം ആരംഭിച്ച ശേഷം മാത്രമാണ്. ഇത്തരത്തിൽ ചർച്ച നീട്ടിക്കൊണ്ടുപോകുന്നത് കർണ്ണാടകയിലേയും തമിഴ്നാട്ടിലേയും വിദ്യാഭ്യാസ കച്ചവടക്കാർക്ക് കൊള്ളലാഭം ഉണ്ടാക്കുന്നതിന് ഒത്താശചെയ്തുകൊടുക്കുന്നതിനു വേണ്ടിയാണ്. വ്യക്തമായ തീരുമാനമുണ്ടാകാത്തതിനാൽ പഠിക്കാനാഗ്രഹിക്കുന്ന വിദ്യാർത്ഥികൾ അന്യ സംസ്ഥാനങ്ങളിലേയ്ക്ക് പോകുന്ന സ്ഥിതിയുണ്ട്. മെറിറ്റ് സീറ്റിൽ സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ വാങ്ങുന്ന അധിക ഫീസിന് സബ്സിഡി നൽകി സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് പഠിക്കുന്നതിന് അവസരം ഉണ്ടാക്കണം. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി ( ശ്രീ. എം.എ. ബേബി): ഉന്നത വിദ്യാഭ്യാസ രംഗത്തും സ്വാശ്രയ വിദ്യാഭ്യാസ രംഗത്തും അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന വളരെ സങ്കീർണ്ണമായ ചില പ്രശ്നങ്ങളാണ് ഇവിടെ ഉന്നയിച്ചത്. രാജ്യത്തിന്റെ വ്യാവസായിക-കാർഷിക-ആരോഗ്യ സംരക്ഷണ മേഖലകളെയൊക്കെ തകർക്കുന്നതുപോലെ വിദ്യാഭ്യാസ മേഖലയേയും തകർക്കുന്നത് കേന്ദ്ര ഗവൺമെന്റിന്റെ ആഗോളവൽക്കരണ സാമ്പത്തിക നയങ്ങളാണ് കേരളത്തിലെ സ്വാശ്രയ വിദ്യാഭ്യാസ മേഖലയിൽ ചില പ്രശ്നങ്ങൾ നിലവിലുണ്ട്. യു.ഡി.എഫ്.-ന്റെ ഭരണകാലത്തും ഇത്തരം

പ്രശ്നങ്ങൾ ഉണ്ടായിരുന്നു. ഇടതുപക്ഷ ജനാധിപത്യമുന്നണിയാണ് പൊതു മേഖലയിൽ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൊണ്ടുവന്നത് അവിടെ സാമൂഹ്യ നിയന്ത്രണമുണ്ട്. എന്നാൽ സ്വകാര്യ മേഖലയിൽ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൊണ്ടുവന്നാൽ അവർ വാഗ്ദാനം പാലിക്കുകയില്ല എന്ന് ഇടതുപക്ഷ പ്രസ്ഥാനങ്ങൾ മുന്നറിയിപ്പ് നൽകിയതാണ്. അത് കണക്കിലെടുക്കാതെ യു.ഡി.എഫ്. സർക്കാർ സ്വകാര്യ മേഖലയിൽ സ്വാശ്രയ കോളേജുകൾ കടന്നുവരാൻ അനുവദിക്കുകയാണ് ഉണ്ടായത്. 2 സ്വാശ്രയ കോളേജുകൾ ഒരു ഗവൺമെന്റ് കോളേജിനു തുല്യം എന്ന ആശയം അപകടത്തിലേയ്ക്ക് നയിക്കുമെന്ന് കേരളത്തിലെ ഇടതുപക്ഷ പ്രസ്ഥാനം മുന്നറിയിപ്പ് കൊടുത്തിരുന്നു. സ്വകാര്യ മേഖലയിൽ സ്വാശ്രയ കോളേജുകളെ കടന്നുവരാൻ അനുവദിക്കുമ്പോൾ ആവശ്യമായ നിയമപരിരക്ഷയ്ക്കുവേണ്ടി അവരുമായി ധാരണാപത്രത്തിൽ ഒപ്പിടുന്നതിനും അന്നത്തെ സർക്കാർ തയ്യാറായില്ല. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അഡ്മിഷന്റെ കാര്യത്തിൽ **50:50** എന്നുള്ള പ്രശ്നം ഒരു തർക്കവിഷയമല്ല. ഫീസിന്റെ കാര്യത്തിൽ മാത്രമാണ് ഇന്റർ ചർച്ച് കൗൺസിലുമായി തർക്കമുള്ളത്. ഇക്കാര്യത്തിൽ സർക്കാർ സ്വാശ്രയ മാനേജ്മെന്റുകളുമായി ചർച്ച ചെയ്ത് സമവായത്തിലെത്തി ജസ്റ്റിസ് മുഹമ്മദ് കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സ്വാശ്രയ കോളേജുകൾ അനുവദിക്കുന്ന കാര്യത്തിലും കോഴ വാങ്ങുന്ന സമ്പ്രദായമില്ല. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ മാനേജ്മെന്റുകളുമായി ചർച്ചകൾ നടത്തി സംസ്ഥാനത്തെ പാവപ്പെട്ട എല്ലാ വിദ്യാർത്ഥികൾക്കും പഠിക്കാൻ

സൗകര്യമുണ്ടാക്കുന്ന നടപടികളുമായി സർക്കാർ മുന്നോട്ടുപോകുന്നതാണ്. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ ഉമ്മൻ ചാണ്ടി, കെ.എം. മാണി, സി.ടി. അഹമ്മദ് അലി എന്നീ പ്രതിപക്ഷ കക്ഷി നേതാക്കൾ പ്രസ്താവനകൾ നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽ നിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**<u>ശ്രദ്ധക്ഷണിക്കൽ</u>**

(1) <u>രോഗപ്രതിരോധ പ്രവർത്തനങ്ങളിലെ വീഴ്ച</u>

<u>ശ്രീ. എ. പി. അനിൽകുമാർ</u> : ആരോഗ്യ മേഖലയിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും രോഗാതുരമായിക്കൊണ്ടിരിക്കുന്ന കേരള സമൂഹത്തെ രക്ഷിക്കാനുമാവശ്യമായ നടപടികൾ സ്വീകരിക്കണം. സംസ്ഥാനത്ത് കാലവർഷത്തോടൊപ്പം ധാരാളം രോഗങ്ങളും പടർന്നുപിടിച്ചുകൊണ്ടിരിക്കുകയാണ്. രണ്ടുമൂന്ന് വർഷം മുമ്പുണ്ടായ ചിക്കുൻഗുനിയയുടെ പ്രത്യാഘാതങ്ങൾ ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുയാണ്. കാലവർഷത്തിനുമുമ്പുതന്നെ കാസർഗോഡ് ജില്ലയിൽ ചിക്കുൻഗുനിയയും മറ്റ് ജില്ലകളിൽ വ്യാപകമായ പകർച്ചപ്പനിയും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ദിവസംതോറും ആശുപത്രികളിൽ രോഗികളുടെ എണ്ണം കൂടിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞകാലത്തെ അനുഭവം മുന്നിൽകണ്ടുകൊണ്ട് ഡങ്കിപ്പനി, എലിപ്പനി, പകർച്ചപ്പനി. ചിക്കുൻഗൂനിയ തുടങ്ങിയ രോഗങ്ങൾ പ്രതിരോധിക്കാനാവശ്യമായ നടപടി

സ്വീകരിക്കണം. അതോടോപ്പംതന്നെ മീസിൽസ്, ഡിഫ്തീരിയ തുടങ്ങിയ രോഗങ്ങൾ വരാനുള്ള സാദ്ധ്യതയും ഗൗരവമായി പരിഗണിക്കണം. ഡിഫ്തീരിയ കഴിഞ്ഞ ഒരു വ്യാഴവട്ടക്കാലമായി കേരളത്തിൽ കാണാത്ത രോഗമായിരുന്നു. എന്നാൽ ഈ വർഷം ഡിഫ്തീരിയ ബാധിച്ച് 3 കുട്ടികൾ മരിച്ചു. ഡിഫ്തീരിയ രോഗം ഇല്ലാതിരുന്നതിനാൽ അതിനുള്ള മരുന്നും കേരളത്തിലില്ല. മലപ്പുറം, തിരുവനന്തപുരം, തൃശൂർ എന്നീ ജില്ലകളിൽ ഡിഫ്തീരിയ കാണപ്പെടുന്നതിനാൽ എല്ലാ ജില്ലകളിലും ആവശ്യമായ മരുന്നുകൾ എത്തിക്കാൻ നടപടി സ്വീകരിക്കണം. രോഗം ബാധിക്കുന്നതിനു മുമ്പ് രോഗത്തെ തടഞ്ഞുനിറുത്താൻ തദ്ദേശഭരണസ്ഥാപനങ്ങളുടെ ഭാഗത്തുനിന്നും കാര്യക്ഷമമായ പ്രവർത്തനം ഉണ്ടാകണം. പി. എച്ച്. സി. യിൽ ആവശ്യത്തിന് മരുന്നുകൾ ലഭ്യമാക്കുകയും ഡോക്ടർമാരുടെ കുറവ് പരിഹരിക്കുകയും ചെയ്യണം. മലപ്പുറം പോലുള്ള ജില്ലകളിലെ ഇമ്മ്യൂണൈസേഷൻ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണം. മലപ്പുറം, പാലക്കാട് എന്നീ ജില്ലകൾക്കായി ഒരു പ്രത്യേക പാക്കേജ് തയ്യാറാക്കി രോഗപ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനുള്ള നടപടി സ്വീകരിക്കണം. രോഗങ്ങൾ പ്രത്യക്ഷപ്പെട്ട സാഹചര്യത്തിൽ ഡോക്ടർമാരുടെ കുറവ് നികത്തുകയും ആവശ്യമായ സ്റ്റാഫും മരുന്നും ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യണം..

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ): പകർച്ചവ്യാധികൾക്കെതിരെ നടത്തേണ്ട പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണമെന്നാണ് ശ്രദ്ധക്ഷണിക്കലിലൂടെ ആവശ്യപ്പെട്ടിട്ടുള്ളത്. കഴിഞ്ഞ വർഷത്തെ അനുഭവം

വച്ചുകൊണ്ട് ശക്തമായ രോഗപ്രതിരോധ പ്രവർത്തനങ്ങൾ ആസൂത്രിതമായി നടപ്പിലാക്കാൻ ആരോഗ്യ വകുപ്പും ഗവൺമെന്റും പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. ചിക്കുൻഗുനിയ, ഡെങ്കിപ്പനി എന്നിവ തടയാൻ കേരളത്തിലെ എല്ലാ ജില്ലകളിലും രോഗപ്രതിരോധ സംവിധാനം നേരത്തെ സജ്ജമാക്കിയിരുന്നു. വിദഗ്ദ്ധരായ ആളുകളെ പങ്കെടുപ്പിച്ചുകൊണ്ട് എറണാകുളത്ത് വച്ച് നടത്തിയ അഖിലേൻഡ്യാ സെമിനാറിൽ അവതരിപ്പിച്ച പ്രബന്ധങ്ങളിലൂടെ കണ്ടെത്തിയ നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ ചിക്കുൻഗുനിയയ്ക്ക് പ്രത്യേകമായ ഒരു ചികിത്സാ പ്രോട്ടോക്കോൾ നിർണ്ണയിക്കുകയും കേരളത്തിലെ എല്ലാ ആശുപത്രികളിലും അത് എത്തിക്കുകയും ചെയ്തിട്ടുണ്ട്. മാലിന്യ നിർമ്മാർജ്ജനത്തിനും കൊതുക് നിർമ്മാർജ്ജനത്തിനും ആവശ്യമായ മാർഗ്ഗരേഖ തയ്യാറാക്കി ജീവനക്കാർക്ക് പരിശീലനം കൊടുത്തുകൊണ്ട് പൂർണ്ണമായ ജനപങ്കാളിത്തത്തോടുകൂടി രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനായി കേരളത്തിലെ ഓരോ വാർഡിലും പതിനായിരം രൂപ വീതം എല്ലാ പഞ്ചായത്ത് പ്രസിഡന്റ്മാരുടേയും മുനിസിപ്പൽ ചെയർമാൻമാരുടേയും പേരിൽ ജോയിന്റ് അക്കൗണ്ട് ആയി നിക്ഷേപിക്കാൻ സാധിച്ചിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ചുകൊണ്ടും പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. കൊതുക് നിവാരണം, മാലിന്യ നിർമ്മാർജ്ജനം എന്നിവയ്ക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് ലോകാരോഗ്യദിനമായ ഏപ്രിൽ 7 മുതൽ 4 മാസം നീണ്ടു നിൽക്കുന്ന ഒരു കർമ്മ പരിപാടി നടപ്പിലാക്കിയതിനെത്തുടർന്ന് കോഴിക്കോട് ജില്ലയിലെ ചില പ്രദേശങ്ങളിൽ പ്രത്യക്ഷപ്പെട്ടിരുന്ന പകർച്ചപ്പനി നിയന്ത്രണ വിധേയമായിട്ടുണ്ട്. ഏപ്രിൽ, മേയ് മാസങ്ങളിൽ കാസർഗോഡ് ജില്ലയുടെ ചില ഭാഗങ്ങളിൽ പ്രത്യക്ഷപ്പെട്ട രോഗം വ്യാപിക്കുന്നതിനുമുമ്പ് ആരോഗ്യ

വകുപ്പ് തദ്ദേശഭരണ വകുപ്പിന്റെ സഹായത്തോടുകൂടി വളരെ ശക്തമായ പ്രതിരോധ പ്രവർത്തനം, ചികിത്സകൾക്കാവശ്യമായ സംവിധാനം എന്നിവ ഏർപ്പെടുത്തുകയുണ്ടായി. ഇതിന്റെ ഭാഗമായി കർണ്ണാടക അതിർത്തിയിൽ ഒരു സ്ഥലത്ത് പനി പടർന്ന് പിടിച്ചപ്പോൾ സംസ്ഥാന ആരോഗ്യ വകുപ്പ് ഡയറക്ടർമാരുടെ നേതൃത്വത്തിൽ ഉന്നതതല സംഘം രോഗബാധിത പ്രദേശങ്ങൾ സന്ദർശിച്ച് ആവശ്യമായിട്ടുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തു. അവിടെ പഞ്ചായത്ത് ഭാരവാഹികൾ നടത്തിയിട്ടുള്ള പ്രവർത്തനം ഏറ്റവും ശ്ലാഘനീയമാണ്. കൂടാതെ കർണ്ണാടക സ്റ്റേറ്റിലെ ഉദ്യേഗസ്ഥരെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് പ്രവർത്തനം നടത്തിയതിന്റെ ഫലമായി രോഗം നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ട്. അലോപ്പതി, ആയുർവേദം, ഹോമിയോ എന്നീ ഡിപ്പാർട്ടുമെന്റുകളിലെ ഡോക്ടർമാരേയും നഴ്സുമാരേയും ഹെൽത്ത് ഇൻസ്പെക്ടർമാരേയും ഇതിലേയ്ക്ക് നിയോഗിച്ചിരുന്നു. കഴിഞ്ഞ കുറേ വർഷങ്ങളായി രോഗ പ്രതിരോധ പ്രവർത്തനങ്ങൾ വളെരെയേറെ പുറകോട്ടുപോയതിന്റെ പ്രത്യാഘാതമായി ഡിഫ്തീരിയ ബാധിച്ച രണ്ടുമൂന്ന് കേസ്സുകൾ റിപ്പോർട്ടുചെയ്തിട്ടുണ്ട്. മലപ്പുറം ജില്ലയിൽ കഴിഞ്ഞ രണ്ട് വർഷക്കാലത്തിനിടയ്ക്ക് ഇമ്മ്യൂണൈസേഷന്റെ നിരക്ക് വളരെയേറെ മെച്ചപ്പെട്ടിട്ടുണ്ട്. ഹെൽത്ത് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥർ മലപ്പുറം ജില്ല കേന്ദ്രീകരിച്ച് പ്രവർത്തനം നടത്തി രോഗപ്രതിരോധ പ്രവർത്തനം ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് സൗജന്യമായിട്ടാണ് ഇൻഡ്യയിലെ എല്ലാ സ്റ്റേറ്റുകളിലും പ്രതിരോധ മരുന്ന് എത്തിച്ചുകൊടുത്തിരുന്നത്. ഈ വാക്സിൻ ഉൽപാദനം നിർത്തിയതുകാരണം ഇൻഡ്യയിലെ മുഴുവൻ സ്റ്റേറ്റുകളും ഇപ്പോൾ വളരെയേറെ പ്രതിസന്ധി നേരിടുകയാണ്. ഇക്കാര്യം സംബന്ധിച്ച് കേന്ദ്ര

ആരോഗ്യ വകുപ്പുമന്ത്രിക്കും പ്രധാനമന്ത്രിക്കും കത്തയച്ചിട്ടുണ്ട്. രോഗ പ്രതിരോധത്തിനാവശ്യമായിട്ടുള്ള വളരെ ആസൂത്രിതമായിട്ടുള്ള പ്രവർത്തനങ്ങൾക്കായി എൻ. ആർ.എച്ച്. എം.- ൽ നിന്ന് ലഭിച്ച 48 കോടി 39 ലക്ഷം രൂപ കേരളത്തിലെ പഞ്ചായത്ത് പ്രസിഡന്റുമാരുടേയും മുനിസിപ്പൽ ചെയർമാൻമാരുടേയും കയ്യിൽ നൽകിയിരിക്കുകയാണ്. ഇതെല്ലാം ഉപയോഗിച്ചുകൊണ്ട് ആ പ്രദേശത്ത് വളരെ ശക്തമായ നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ജനങ്ങളിൽ ശക്തമായ ബോധവൽക്കരണം നടത്തുന്നതിനാവശ്യമായ നടപടികളും സ്വീകരിക്കുന്നുണ്ട്.

(2) ക്ഷീരകർഷകർ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: സംസ്ഥാനത്തെ 14 ലക്ഷത്തോളം ക്ഷീര കർഷകരേയും 35 ലക്ഷത്തോളം ക്ഷീര കർഷക കുടുംബങ്ങളേയും ബാധിക്കുന്ന ഗുരുതരമായ പ്രശ്നത്തിലേയ്ക്ക് സഭയുടെ ശ്രദ്ധക്ഷണിക്കുകയാണ്. കേരളത്തിൽ ക്ഷീര കർഷക മേഖലയിൽ ഗവൺമെന്റ് ധാരാളം പദ്ധതികൾ നടപ്പിലാക്കിയതിന്റെ ഫലമായി പാൽ ഉൽപ്പാദനം വർദ്ധിച്ചിട്ടുണ്ടെങ്കിലും ഉൽപ്പാദനച്ചെലവ് മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതലാണ്. ഗവൺമെന്റ് സ്വീകരിച്ച നയസമീപനത്തിന്റെ ഫലമായി കൂടുതൽ ആളുകൾ ഇപ്പോൾ ഈ മേഖലയിലേയ്ക്കു കടന്നു വരുന്നുണ്ട്. പാലുൽപ്പാദനം വർദ്ധിച്ചതുകൊണ്ട് മിനി ഡയറി യൂണിറ്റുകൾ തുടങ്ങാൻ ധാരാളം ആളുകൾ മുന്നോട്ടു വരുന്നുണ്ട്. നയ പ്രഖ്യാപന പ്രസംഗത്തിൽ ക്ഷീര കർഷകർക്ക് സബ്സിഡി നൽകുമെന്ന് പറഞ്ഞെങ്കിലും അതിനായി ബഡ്ജറ്റിൽ പണം നീക്കിവച്ചിട്ടില്ല. അതിനാൽ ക്ഷീര കർഷകവൃത്തി കാർഷികവൃത്തിയായി അംഗീകരിച്ച് കർഷകർക്ക്

കൊടുക്കുന്ന ആനുകൂല്യങ്ങളും സബ്സിഡികളും ഇവർക്ക് നൽകണം. അക്കാര്യത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന് ആവശ്യമായ മാർഗ്ഗ നിർദ്ദേശം നൽകണം. കാലിതീറ്റയ്ക്ക് സബ്സിഡി ഏർപ്പെടുത്തണം. ക്ഷീര കർഷകർക്ക് സാധാരണ കർഷകർക്ക് നൽകുന്ന അതേ പലിശ നിരക്കിൽ തന്നെ ബാങ്കിൽ നിന്ന് വായ്പ ലഭ്യമാക്കണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): വായ്പയുടെ പലിശ നിരക്കിലുള്ള അന്തരത്തിന് പ്രധാന കാരണം ബാങ്ക് അനുവർത്തിക്കുന്ന നയവൈകല്യമാണ്. റിസർവ്വ് ബാങ്കിന്റേയും കേന്ദ്ര സർക്കാരിന്റേയും സജീവമായ ഇടപെടൽമൂലം മാത്രമേ ഈ നയത്തിൽ ഭേദഗതി വരുത്തി ക്ഷീര കർഷകർക്ക് ന്യായമായ നിരക്കിൽ പലിശ ലഭ്യമാക്കാൻ കഴിയുകയുള്ളൂ. ഈ കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും ആവശ്യമായ നിയമഭേദഗതി വരുത്തുന്നതിനും കേരളത്തിലെ എല്ലാ എം.പി. മാർക്കും കത്തയച്ചിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കിക്കൊണ്ടിരിക്കുന്ന കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം 50 ശതമാനം സബ്സിഡി കൊടുത്തുകൊണ്ട് അർഹരായ എല്ലാവർക്കും കാലിത്തീറ്റ നൽകുന്നുണ്ട്. ബഡ്ജറ്റ് വിഹിതത്തിന്റെ ലഭ്യതയ്ക്കനുസൃതമായി ഈ കാര്യത്തിൽ തുടർ നടപടി സ്വീകരിക്കും. സംസ്ഥാന ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന എല്ലാ കാര്യങ്ങളും ഇക്കാര്യത്തിൽ ചെയ്തുകൊണ്ടിരിക്കുകയാണ്. പലിശ, സബ്സിഡി എന്നിവ സംബന്ധിച്ച് മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഉന്നതതല കോൺഫറൻസ് നടത്തുന്നതാണ്.

**സബ്മിഷൻ**

(1) <u>കാർഷിക നഷ്ടപരിഹാരം</u>

<u>ശ്രീ. സി. എഫ്. തോമസ്</u>: നെൽ കൃഷിക്കാർക്ക് വേനൽ മഴയെത്തുടർന്നുണ്ടായ കൃഷി നാശത്തിനുള്ള നഷ്ടപരിഹാരം ഭാഗികമായി മാത്രമേ ലഭിച്ചിട്ടുള്ളൂ. ഇക്കാര്യം ക്യാബിനറ്റിന്റെ ശ്രദ്ധയിൽകൊണ്ടുവന്ന് എത്രയും വേഗം അവർക്ക് നഷ്ടപരിഹാരത്തുകയും സംഭരിച്ച നെല്ലിന്റെ വിലയും കൊടുക്കാനുള്ള നടപടി സ്വീകരിക്കണം.

<u>കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ)</u>: 2008 മാർച്ച് മാസത്തെ വേനൽ മഴയിൽ 30370 ഹെക്ടർ സ്ഥലത്ത് നെൽകൃഷിക്ക് നാശനഷ്ടമുണ്ടായി. ഏതാണ്ട് 151.76 കോടി രൂപയുടെ നാശനഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്. ഇതുവരെ 14.51 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ആകെ 37404 കർഷകരാണുള്ളത്. 11000 കർഷകർക്ക് നഷ്ടപരിഹാരത്തുക കൊടുക്കാൻ ബാക്കിയുണ്ട്. അതിന്റെ ക്ലെയിം വന്നുകൊണ്ടിരിക്കുകയാണ്. ഈ മാസം 30-ാം തീയതിക്കകം കൊടുത്തു തീർക്കാനുള്ള തുക കൊടുത്തു തീർക്കാം. 173712 ക്വിന്റൽ നെല്ല് സംഭരിച്ച വകയിൽ 109 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ബാക്കി കൊടുക്കാനുള്ളത് സിവിൽ സപ്ലൈസ് കോർപ്പറേഷനുമായി ആലോചിച്ച് അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: കാസർഗോഡ് ജില്ലയിലെ അംഗങ്ങളായ സർവ്വശ്രീ കെ.വി. കുഞ്ഞിരാമൻ, സി.ടി അഹമ്മദ് അലി, സി.എച്ച്. കുഞ്ഞമ്പു, കെ. കുഞ്ഞിരാമൻ എന്നിവർ മണ്ഡലങ്ങളുമായി ബന്ധപ്പെട്ട്

ഉന്നയിക്കുന്ന സബ്മിഷൻസിന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി ഒന്നിച്ച് മറുപടി പറയുന്നതാണ്.

(2) പകർച്ചപ്പനി ബാധിച്ചവർക്ക് ചികിത്സാ സൗകര്യവും സൗജന്യ റേഷനും

ശ്രീ. കെ.വി. കുഞ്ഞിരാമൻ: കാസർഗോഡ് ജില്ലയിൽ ചിക്കുൻഗുനിയ പടർന്നു പിടിച്ചിരിക്കുന്ന സാഹചര്യത്തിൽ അവിടെയുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാരേയും പാരാമെഡിക്കൽ സ്റ്റാഫിനെയും അടിയന്തിരമായി നിയമിക്കാനും പനിബാധിച്ച് പട്ടിണിയിൽ കഴിയുന്ന ആളുകൾക്ക് സൗജന്യ റേഷൻ നൽകാനും ആവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. സി.ടി. അഹമ്മദ് അലി: കാസർഗോഡ് ജില്ലയിൽ പകർച്ചപ്പനി പിടിപെട്ട രോഗികളെ ചികിത്സിക്കാൻ ഡോക്ടർമാരും മറ്റു പാരാ മെഡിക്കൽ സ്റ്റാഫുകളുമില്ലാത്ത സാഹചര്യത്തിൽ ആശുപത്രിയിൽ അടിയന്തിരമായി ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ നികത്തുന്നതിനും എൻ.ആർ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് ആവശ്യമായ മരുന്ന് വാങ്ങുന്നതിനും താലൂക്ക് ആശുപത്രിയിൽ ലാബ് സ്ഥാപിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം. രോഗബാധിതർക്ക് സൗജന്യ റേഷൻ അനുവദിക്കണം. എല്ലാ പി.എച്ച്.സി.കളിലും സി.എച്ച്.സി.കളിലും ഐ.പി. വിഭാഗം സ്ഥിരമായി നിലനിർത്തണം. താലൂക്കാശുപത്രിയിൽ പുതിയതായി നിർമ്മിച്ച കെട്ടിടത്തിൽ കിടത്തി ചികിത്സിക്കാൻ ആവശ്യമായ സൗകര്യം ഉണ്ടാക്കണം. ബഹുമാനപ്പെട്ട ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി ആ മേഖല സന്ദർശിച്ച് ഒരു ഉന്നതതല യോഗം വിളിച്ചു ചേർക്കണം.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: കാസർഗോഡ് ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ ചിക്കുൻഗുനിയ ഉൾപ്പെടെയുള്ള സാംക്രമിക രോഗങ്ങൾ പടർന്നുപിടിച്ചിരിക്കുന്ന സാഹര്യത്തിൽ ആശുപത്രികളിൽ ആവശ്യത്തിന് മരുന്ന്, ഡോക്ടർമാർ, കിടക്കകൾ എന്നിവ ലഭ്യമാക്കി പകർച്ചപ്പനി തടയുന്നതിനുള്ള നടപടി സ്വീകരിക്കാനും രോഗബാധിത പ്രദേശങ്ങളിൽ സൗജന്യ റേഷൻ അനുവദിക്കാനുമുള്ള നടപടി സ്വീകരിക്കണം.

ശ്രീ. കെ. കുഞ്ഞിരാമൻ: കാസർഗോഡ് ജില്ലയിലെ മലയോര പഞ്ചായത്തുകളായ കയ്യൂർ, ചീമേനി, ഈസ്റ്റ് എളേരി, വെസ്റ്റ് എളേരി, ചെറുപുഴ എന്നീ പഞ്ചായത്തുകളിൽ വളരെ വ്യാപകമായ രീതിയിൽ പടർന്നു പിടിച്ചിരിക്കുന്ന ചിക്കുൻഗുനിയ, പകർച്ചപ്പനി എന്നിവ നിയന്ത്രിക്കുന്നതിനും അവിടെയുള്ള പി.എച്ച്.സി.കളിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യമേർപ്പെടുത്തുന്നതിനും മലയോര പ്രദേശങ്ങളിൽ സൗജന്യറേഷൻ അനുവദിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): കാസർഗോഡ് ജില്ലയിലെ വിവിധ ഭാഗങ്ങളിൽ ചിക്കുൻഗുനിയ രോഗലക്ഷണങ്ങൾ കണ്ടതിനെത്തുടർന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ, ജില്ലാതല ഉദ്യോഗസ്ഥർ എന്നിവരുടെ നേതൃത്വത്തിൽ രോഗബാധിത പ്രദേശങ്ങൾ സന്ദർശിക്കുകയും ആശുപത്രികളിൽ ആവശ്യമായ മരുന്ന്, ഡോക്ടർമാർ എന്നിവ ലഭ്യമാക്കി സാദ്ധ്യമായ എല്ലാ ചികിത്സാ സംവിധാനങ്ങളും പ്രതിരോധ പ്രവർത്തനങ്ങളും സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാ-താലൂക്ക് ആശുപത്രികളിലും പ്രൈമറി ഹെൽത്ത് സെന്ററുകളിലും ആവശ്യത്തിന്

ഡോക്ടർമാർ, ജീവനക്കാർ, ഫീൽഡ് വിഭാഗം ജീവനക്കാർ എന്നിവരെ നിശ്ചയിക്കുകയും ജില്ലാ മെഡിക്കൽ സ്റ്റോറുകളിൽ ചിക്കുൻഗുനിയയ്ക്ക് ആവശ്യമായ മരുന്ന് എത്തിക്കുകയും ചെയ്തിട്ടുണ്ട്. ഏതെങ്കിലും മെഡിക്കൽ ഓഫീസറുടെ ഭാഗത്തുനിന്ന് വീഴ്ച വന്നിട്ടുണ്ടെങ്കിൽ അത് പരിശോധിക്കുന്നതാണ്. കർണ്ണാടക സംസ്ഥാനത്തു നിന്ന് കാസർഗോഡ് ജില്ലയിലെ വിവിധ ഭാഗങ്ങളിലേയ്ക്ക് പടർന്നുപിടിച്ച ചിക്കുൻഗുനിയയും പകർച്ചപ്പനിയും തടയുന്നതിന് കേരള-കർണ്ണാടക സംസ്ഥാനങ്ങളിലെ ഉയർന്ന ഉദ്യോഗസ്ഥരുടെ ഉന്നതതല യോഗം ജൂൺ മാസം 7-ാം തീയതി ബാംഗ്ളൂരിൽ വച്ചും 19-ാം തീയതി കാസർഗോഡ് വച്ചും ചേരുകയും ഒരു ഏകീകൃത കർമ്മ പദ്ധതി തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ 97 ഡോക്ടർമാർ മാത്രമാണ് സർവ്വീസിലുള്ളത്. 47 പേർ കമ്പൽസറി റൂറൽ സർവ്വീസിന്റെ ഭാഗമായി ജോലി ചെയ്യുന്നുണ്ട്. കൂടുതൽ ഡോക്ടർമാരെ മെഡിക്കൽ കോളേജ് ആശുപത്രിയിൽനിന്ന് നിയോഗിച്ചിട്ടു മുണ്ട്. ഫോഗിംഗ്, സ്പ്രേയിംഗ് തുടങ്ങിയ സംവിധാനങ്ങൾക്കായി ഓരോ വാർഡിനും പതിനായിരം രൂപ വീതം അനുവദിച്ചിട്ടുണ്ട്. ഇതിനു പുറമേ 10 ലക്ഷം രൂപ പ്രത്യേകമായും മരുന്ന് വാങ്ങിക്കുന്നതിനായി നാലര ലക്ഷം രൂപയും കാസർഗോഡ് ജില്ലയ്ക്ക് അനുവദിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെ സമയബന്ധിതമായ പ്രവർത്തനങ്ങളുടെ ഫലമായി പനി ഇപ്പോൾ നിയന്ത്രണ വിധേയമാക്കാൻ കഴിഞ്ഞിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ പനി പടരാതിരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുകഴിഞ്ഞു. ഡോക്ടർമാരുടെ അപര്യാപത്ത പരിഹരിക്കാനുള്ള നടപടികളുടെ ഭാഗമായി കാസർഗോഡ്, കണ്ണൂർ, വയനാട്, ഇടുക്കി, പാലക്കാട് എന്നീ ജില്ലകളിൽ

പി.എസ്.സി. വഴിയുള്ള നിയമനം നടത്തിക്കൊണ്ടിരിക്കുകയാണ്. കാസർഗോഡ് താലൂക്ക് ആശുപത്രിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനുവേണ്ടി ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. മൂന്നുനാല് മാസത്തിനുള്ളിൽ അതിന്റെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുന്നതാണ്.

(3) എയ്ഡ്സ് രോഗബാധമൂലം മരണപ്പെട്ടത് സംബന്ധിച്ച അന്വേഷണം

ശ്രീ. കെ. എം. മാണി : പാലാ നിയോജകമണ്ഡലത്തിലെ പൂവരണിയിൽ 14 വയസ്സുള്ള രാജി എന്ന പെൺകുട്ടി അനാശ്യാസ പ്രവർത്തനത്തിനിരയായി എയ്ഡ്സ് രോഗബാധമൂലം മരണപ്പെടുകയുണ്ടായി. ഉന്നതരായ പലരും ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. കേസ് അന്വേഷണം ഒരു സ്പെഷ്യൽ ഏജൻസിയെ ഏൽപ്പിച്ച് ത്വരിത ഗതിയിലാക്കുകയും രാജിയുടെ കുടുംബത്തിന് ധനസഹായം നൽകുകയും ചെയ്യണം. ഈ കേസുമായി ബന്ധപ്പെട്ട് രാജിയുടെ സുഹൃത്തിനും വധ ഭീഷണിയുണ്ടായിട്ടുണ്ട്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): പാലായിലെ പൂവരണിയിൽ രാജിമോൾ എന്ന പെൺകുട്ടിയെ അയൽവാസിയായ ലിസി ടോബി, ജിമോനി, ജ്യോതിഷ് എന്നിവർ ചേർന്ന് അനാശ്യാസ പ്രവർത്തനത്തിന് പ്രേരിപ്പിക്കുകയും എയ്ഡ്സ് രോഗം ബാധിച്ച് മരിക്കുകയുമാണുണ്ടായത്. ഇതു സംബന്ധിച്ച് ചങ്ങനാശ്ശേരി പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. തമിഴ്നാട്ടിലെ തേനിയിലാണ് ശവസംസ്ക്കാരം നടത്തിയത്. കേസ് അന്വേഷണം നടത്തിവന്നിരുന്ന സർക്കിൾ ഇൻസ്പെക്ടർ ഡിവൈ.എസ്.പി. ആയി പ്രൊമോട്ട് ചെയ്യപ്പെട്ടിരിക്കുകയാണ്. കുട്ടിയുടെ മാതാവിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ പ്രസ്തുത

ഡിവൈ.എസ്.പി കൂടി ഉൾപ്പെടുന്ന ടീമിനെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗത്തിന്റെ ആവശ്യപ്രകാരം ഈ കേസ് അന്വേഷണം ക്രൈം ബ്രാഞ്ചിനെ ഏൽപ്പിക്കുന്നതാണ്. സുഹൃത്തിനുള്ള ഭീഷണി സംബന്ധിച്ചും അന്വേഷണം നടത്താനുള്ള നിർദ്ദേശം കൊടുക്കാം. സാമ്പത്തിക സഹായത്തെ സംബന്ധിച്ച് മന്ത്രിസഭ ആലോചിച്ച് തീരുമാനിക്കുന്നതാണ്.

(4) ജാഥയ്ക്കുനേരെയുണ്ടായ ആക്രമണം

ശ്രീമതി ഇ.എസ്. ബിജിമോൾ: ആർ.ബി.ടി. എസ്റ്റേറ്റ് തുണ്ടുതുണ്ടാക്കി വിറ്റതുസംബന്ധിച്ച് എ.ഐ.ടി.യു.സി.യുടെ നിലപാട് വിശദീകരിക്കുന്നതുമായി ബന്ധപ്പെട്ട് 21-6-2008-ൽ സ്ത്രീകളും കുട്ടികളും ജില്ലാ/ബ്ലോക്ക് അംഗങ്ങളുമടക്കം പങ്കെടുത്ത ജാഥായോഗത്തിൽ ഒരു ഗുണ്ടാസംഘം ആക്രമണം നടത്തുകയും എ.ഐ.ടി.യു.സി. നേതാവ് വാഴൂർ സോമൻ അടക്കമുള്ള ഏതാനുംപേർക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്ത സംഭവത്തിൽ ശക്തമായ നടപടി സ്വീകരിക്കുകയും കുറ്റക്കാർക്കെതിരെ കൊലപാതകക്കുറ്റത്തിന് കേസെടുത്ത് ശിക്ഷിക്കുകയും ചെയ്യണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ഇടുക്കി ജില്ലയിൽ പീരുമേട്ടിലെ ആർ.ബി.ടി. തോട്ടം സംബന്ധിച്ച പ്രശ്നത്തിൽ എ.ഐ.ടി.യു.സി. സംഘടിപ്പിച്ച യോഗം അലങ്കോലപ്പെടുത്തുകയും എ.ഐ.ടി.യു.സി. നേതാവ് വാഴൂർ സോമൻ അടക്കമുള്ളവർക്ക് പരിക്കേൽക്കുകയും ചെയ്ത സംഭവം സംബന്ധിച്ച് ക്രൈം 185/2008 നമ്പരായി വണ്ടിപ്പെരിയാർ പോലീസ് സ്റ്റേഷനിൽ 15 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. ഇത്തരം പൊതു

യോഗങ്ങളും പ്രവർത്തനങ്ങളും തടസ്സപ്പെടുത്തുന്നതിൽ കർശനമായി ഇടപെടാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. 5 പ്രതികളെ പോലീസ് അറസ്റ്റ് ചെയ്യുകയും മറ്റു പ്രതികളെ പിടികൂടുന്നതിനുള്ള ഊർജ്ജിതമായ ശ്രമം നടത്തുകയും ചെയ്യുന്നുണ്ട്.

(5) പെൺകുട്ടിയുടെ തിരോധാനം

ശ്രീ. എൻ. അനിരുദ്ധൻ: ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ 28-5-2008 മുതൽ കാണാതായ കൊട്ടിയം സിത്താറാ ജംഗ്ഷനിൽ സുരേഷ് ബാബുവിന്റെ മകൾ 19 വയസ്സുള്ള സ്മിതയെ കണ്ടെത്തുന്നതിനുള്ള പോലീസ് അന്വേഷണത്തിൽ പുരോഗതി കണ്ടെത്താത്ത സാഹചര്യത്തിൽ ഗവൺമെന്റ് ഇടപെട്ട് കുട്ടിയെ കണ്ടുപിടിച്ച് മാതാപിതാക്കളെ എൽപ്പിക്കാൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): കൊല്ലത്തെ ആദിച്ചനെല്ലൂർ സ്വദേശിനിയായ 19 വയസ്സുള്ള സ്മിതയെ 30-5-2008 മുതൽ കൂട്ടുകാരി സവിതയോടൊപ്പം കാണാതായതായി പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ക്രൈം 445/2008 നമ്പരായി കൊട്ടിയം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് ചാത്തന്നൂർ സി.ഐ.യുടെ നേതൃത്വത്തിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് അന്വേഷിച്ചു വരികയാണ്. പെൺകുട്ടികളുടെ ഫോട്ടോ സഹിതം എല്ലാ പോലീസ് സ്റ്റേഷനുകളിലും അയയ്ക്കുകയും വാർത്താ മാധ്യമങ്ങളിലും ടി.വി. ചാനലുകളിലും പ്രസിദ്ധീകരിക്കുകയും കേരളത്തിലും തമിഴ്നാട്ടിലും പെൺകുട്ടികൾ പോകാൻ സാധ്യതയുള്ള എല്ലാ സ്ഥലങ്ങളിലും Look Out Notice തയ്യാറാക്കി പതിക്കുകയും ചെയ്തിട്ടുണ്ട്. തമിഴ്നാട് പോലീസിന്റെ സഹാ

യത്തോടെ അവിടുത്തെ 150-ഓളം ലോഡ്ജുകൾ റെയ്ഡ് ചെയ്തു. കുട്ടികളെ കണ്ടെത്തുന്നതിന് പോലീസിന് സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കാൻ നിർദ്ദേശം കൊടുക്കുന്നതാണ്.

(6) പ്ലസ് വണ്ണിനും ഡിഗ്രിക്കും സീറ്റുകൾ വർദ്ധിപ്പിക്കൽ

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: മലപ്പുറം ജില്ലയിൽ ഈ വർഷം എസ്.എസ്.എൽ.സി. പാസ്സായവർക്കും പ്ലസ് ടൂ പാസ്സായവർക്കും ഉപരിപഠനം അസാദ്ധ്യമായിരിക്കുന്നതിനാൽ പ്ലസ് വണ്ണിനും ഡിഗ്രിക്കും കൂടുതൽ സീറ്റും ബാച്ചും വർദ്ധിപ്പിക്കുകയും പ്ലസ് ടൂ കോഴ്സുകളില്ലാത്ത പഞ്ചായത്തുകളിലെല്ലാം പ്ലസ് ടൂ സ്കൂളുകൾ അനുവദിക്കുകയും ചെയ്യണം.

ശ്രീ. കെ.പി. മോഹനൻ: എസ്.എസ്.എൽ.സി. പാസ്സായ 50% കുട്ടികൾക്കുപോലും പ്ലസ് വണ്ണിന് അഡ്മിഷൻ കിട്ടാത്ത സാഹചര്യത്തിൽ കണ്ണൂർ, കോഴിക്കോട് ജില്ലകളിലെ ഹൈസ്കൂളുകളെ ഹയർ സെക്കണ്ടറി സ്കൂളുകളായി ഉയർത്തുകയും ഇപ്പോഴുള്ള ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് പുതിയ ബാച്ചുകൾ അനുവദിക്കുകയും പ്ലസ് ടൂ കഴിഞ്ഞ വിദ്യാർത്ഥികൾക്ക് ബിരുദ പഠനത്തിനായി എയ്ഡഡ് മേഖലയിലെ കോളേജുകളിൽ കുടുതൽ ബാച്ചുകൾ അനുവദിക്കുകയും ചെയ്യണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ.എം.എ.ബേബി): കേരളത്തിൽ ഹയർ സെക്കണ്ടറി മേഖലയിൽ 20% സീറ്റുകൾ വർദ്ധിപ്പിക്കാൻ ഗവൺമെന്റ് പൊതുവിൽ തീരുമാനമെടുത്തിട്ടുണ്ട്. കഴിഞ്ഞവർഷം മലബാർ മേഖലയിൽ പ്ലസ് വണ്ണിന് 26,000 സീറ്റുകൾ വർദ്ധിപ്പിക്കാൻ തീരുമാനിച്ച് പോസ്റ്റ് ക്രിയേഷൻ നടത്തി നടപടിക്രമങ്ങൾ പൂർത്തീകരിക്കുകയാണ്. കേരളത്തിന് ആദ്യമായി കിട്ടിയ കേന്ദ്ര സർവ്വകലാശാല മലബാർ മേഖലയ്ക്ക് നൽകുന്നതിനും കേന്ദ്രാനുമതി ലഭിച്ച

അന്താരാഷ്ട്ര നിലവാരത്തിലുള്ള സർവ്വകലാശാല തൃശ്ശൂരോ മലബാർ മേഖലയിലോ നൽകുന്നതിനും അലിഗർ മുസ്ലീം യൂണിവേഴ്സിറ്റിയുടെ ഓഫ് കാമ്പസ് മലപ്പുറം ജില്ലയിൽ സ്ഥാപിക്കാനുമാണ് തീരുമാനിച്ചിരിക്കുന്നത്. പ്ലസ് വൺ കോഴ്സുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് ഗവൺമെന്റ് പരിശോധിച്ചുവരികയാണ്. മലബാർ മേഖലയിൽ ഗവൺമെന്റ് അംഗീകാരമുള്ള അൺ എയ്ഡഡ് സ്ഥാപനങ്ങളിൽ വൊക്കേഷണൽ/ഹയർ സെക്കണ്ടറി സ്കൂളുകൾ ആരംഭിക്കുന്ന കാര്യവും അഡീഷണൽ കോഴ്സുകളോ ബാച്ചുകളോ ഗവൺമെന്റ് സ്ഥാപനത്തിൽ ആരംഭിക്കാൻ കഴിയുമോ എന്നുള്ളതും പരിശോധിക്കുന്നതാണ്. ഗവൺമെന്റ് ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. സ്വാശ്രയ രംഗത്ത് ആർട്ട്സ് ആന്റ് സയൻസ് കോളേജുകൾ ആരംഭിക്കാൻ അനുമതി കൊടുക്കുന്ന ഒരു നയം ഇപ്പോൾ ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്.

(7) <u>പാലത്തിന്റെ അപകടാവസ്ഥ</u>

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: കണ്ണൂർ-തലശ്ശേരി റൂട്ടിലെ മൊയ്തു പാലം പണി നടക്കുന്നതിനിടയിൽ വീണ്ടും തകരാറിലായതിനെത്തുടർന്ന് അവിടെ ഗതാഗത സ്തംഭനമുണ്ടാവുകയും ഗതാഗതം തിരിച്ചുവിട്ട പ്രദേശങ്ങളിലെ ദുർബലമായ പാലങ്ങൾക്ക് കേടുപറ്റുകയും ചെയ്തതിനാൽ എത്രയും വേഗം മൊയ്തു പാലത്തിന്റെ നിർമ്മാണം പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി <u>(ശ്രീ. മോൻസ് ജോസഫ്):</u> എൻ.എച്ച്. 17-ലെ മൊയ്തു പാലത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതം അനുവദിച്ചിരുന്നുവെങ്കിലും രണ്ടാമത്തെ സ്ലാബിന്റെ പണി പുരോഗമിക്കുന്നതിനിടയിൽ

19-6-2008-ന് പാലത്തിന്റെ തൂണിനുമുകളിൽ ഘടിപ്പിച്ചിരുന്ന പ്ലേറ്റ് മാറ്റി സ്ഥാപിക്കുമ്പോൾ മെയിൻ ഗൈഡർ തെന്നിമാറിയതിനെത്തുടർന്നാണ് വീണ്ടും ഗതാഗതം നിറുത്തിവച്ചത്. തെന്നിമാറിയഭാഗം പൂർവ്വ സ്ഥിതിയിലാക്കി ജൂൺ 30-ഓടുകൂടി പണികൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. മൊയ്തു പാലത്തിന് സമാന്തരമായി ദേശീയ പാതയുടെ നിലവാരത്തിൽ പുതിയ പാലം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റിന് കേന്ദ്ര ഉപരിതല വകുപ്പിൽ നിന്ന് ഇതുവരെ അനുമതി ലഭിച്ചില്ല. എന്നാൽ പാലം പണിക്കാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് 303.73 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അതിനുവേണ്ടി വിവിധ വകുപ്പുകളുടെ അടിയന്തിര ഉന്നതതല യോഗം വിളിച്ചുചേർത്ത് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. മൊയ്തു പാലത്തിന്റെ കേടുപാടുകൾ എത്രയും വേഗം തീർക്കുന്നതിനും ഗതാഗതത്തിന് തുറന്നുകൊടുക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകിരിക്കുന്നതാണ്.

### (8) അലിഗർ മുസ്ലീം സർവ്വകലാശാലാ സെന്റർ മലപ്പുറത്തു ആരംഭിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. എം. ഉമ്മർ: മലപ്പുറം ജില്ലയിൽ അലിഗർ സർവ്വകലാശാലയുടെ ഒരു സബ് സെന്റർ ആരംഭിക്കുന്നതിനാവശ്യമായ സ്ഥലം ജില്ലാ ആസ്ഥാനത്ത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): മലപ്പുറം ജില്ലയിൽ അലിഗർ സർവ്വകലാശാലയുടെ ഒരു സബ് സെന്റർ ആരംഭിക്കുന്നതിന് റവന്യൂ വകുപ്പിന്റെ സഹായത്തോടുകൂടി സ്ഥലം കണ്ടെത്തുന്നതിനുവേണ്ടിയുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. ഒരു സർവ്വകലാശാലയ്ക്ക് സമാനമായ എല്ലാ

സംവിധാനങ്ങളോടും കൂടിയ ഉപകേന്ദ്രമാണ് നിലവിൽ വരുന്നത്. കേന്ദ്ര ഗവൺമെന്റ് ഈ സ്ഥാപനത്തിനുവേണ്ടി ബഡ്ജറ്റിൽ തുകയൊന്നും നീക്കി വച്ചിട്ടില്ല. അതിനുവേണ്ടി കേന്ദ്രഗവൺമെന്റുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇതിന് അനുയോജ്യമായ സ്ഥലം കണ്ടെത്താനുള്ള നടപടികളും സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

(9) റൈസ് മില്ലിന് ആവശ്യമായ നെല്ല് ലഭ്യമാക്കൽ

ശ്രീ. എം. ചന്ദ്രൻ: ആലത്തൂർ മോഡേൺ റൈസ് മിൽ പൂർണ്ണ തോതിൽ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നെല്ല് നൽകുന്നതിനും അരി വിൽപ്പന നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): സർക്കാർ പൊതുമേഖലാ സ്ഥാപനമായ വെയർ ഹൗസിങ് കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ആലത്തൂർ മോഡേൺ റൈസ് മില്ലിന്റെ പ്രവർത്തനത്തിനാവശ്യമായ നെല്ല് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(10) ഭൂമിയുടെ താരിഫ് വില

ശ്രീ. പി.സി. ജോർജ്: സംസ്ഥാന ഗവൺമെന്റ് ഭൂമിയുടെ താരിഫ് വില നിശ്ചയിച്ചുകൊണ്ട് ഇറക്കിയ ഉത്തരവ് അശാസ്ത്രീയമാണ്. വസ്തു വാങ്ങുന്നവർക്കും വിൽക്കുന്നവർക്കും ഒരുപോലെ സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും ഏർപ്പെടുത്തണം. ഭൂമിയുടെ താരിഫ് വിലയെ സംബന്ധിച്ച് ആർ.ഡി.ഒ.യ്ക്ക് പരാതി നൽകുന്നതിനുപകരം വില്ലേജ് ഓഫീസുകളിൽ പരാതി നൽകുന്നതിനുള്ള സംവിധാനമുണ്ടാക്കുകയും താരിഫ് വില നിശ്ചയിക്കുമ്പോൾ ത്രിതല പഞ്ചായത്തുകളെക്കൂടി അതിൽ

ഭാഗഭാക്കാക്കുകയും ന്യായവില ലഭ്യമാക്കുന്നതിനുള്ള സംവിധാനമേർപ്പെടുത്തുകയും ചെയ്യണം.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): ഭൂമിയുടെ അന്തിമ വില തീരുമാനിച്ചിട്ടില്ല. ന്യായവിലയുടെ കരടു വിജ്ഞാപനം മാത്രമേ പ്രസിദ്ധീകരിച്ചിട്ടുള്ളൂ. സ്റ്റാറ്റ്യൂട്ട് അനുസരിച്ച് താരിഫ് വിലയെ സംബന്ധിച്ച് ആർ.ഡി.ഒ.യ്ക്കാണ് പരാതി നൽകേണ്ടത്. സ്റ്റാമ്പ് ആക്ട് വകുപ്പ്-28പ്രകാരം പരാതികളിന്മേൽ തീർപ്പു കൽപ്പിക്കേണ്ട ചുമതല ആർ.ഡി.ഒ.മാരിൽ നിക്ഷിപ്തമാണ് റവന്യൂ മിനിസ്റ്ററും ബന്ധപ്പെട്ട മറ്റു വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരും തമ്മിൽ നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ താലൂക്ക് ഓഫീസുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സബ് രജിസ്ട്രാർ ഓഫീസുകൾ, വില്ലേജ് ഓഫീസുകൾ എന്നിവിടങ്ങളിലെല്ലാം പരാതികൾ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ന്യായവിലച്ചട്ടമനുസരിച്ച് താരിഫ് വിലയെ സംബന്ധിച്ച് 60 ദിവസത്തിനകം പരാതി സമർപ്പിക്കാവുന്നതാണ്. പരാതികൾ പരിഹരിക്കുന്നതിന് ഗവൺമെന്റ് സന്നദ്ധമാണ്. പരാതി പരിഹരിച്ച് ന്യായവില നിശ്ചയിച്ചു കഴിഞ്ഞാലും വീണ്ടും അപ്പീൽ നൽകുന്നതിനുള്ള സമയം അനുവദിക്കുന്നതാണ്. താരിഫ് വിലയെ സംബന്ധിച്ച അനോമലി പരിഹരിക്കാനായി 15 ക്ലാസിഫിക്കേഷനുകൾ ഗൈഡ്ലൈനിൽ കൊടുത്തിട്ടുണ്ട്. പ്രഥമദൃഷ്ട്യാ കാണുന്ന വ്യക്തമായ അപാകതകളിന്മേൽ പരാതികളില്ലാതെ തന്നെ നടപടികൾ എടുത്ത് കറക്ഷൻ വരുത്തുന്നതിനാവശ്യമായ നിർദ്ദേശം ബന്ധപ്പെട്ടവർക്കു നൽകിയിട്ടുണ്ട്. ഓരോ സർവ്വേ നമ്പരിലും ക്ലാസ്സിഫിക്കേഷനിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ കൃത്യമായും പരിശോധിച്ചതിനുശേഷമാണോ ഫെയർ വാല്യൂ ഫിക്സ്

ചെയ്തിട്ടുള്ളതെന്നും സർവ്വെ നമ്പരും സബ് ഡിവിഷനും ഒന്നുപോലും വിട്ടു പോയിട്ടില്ലെന്നും ഉറപ്പു വരുത്തണം. വ്യക്തമായ മാനദണ്ഡങ്ങളെ അടിസ്ഥാനപ്പെടുത്തി മാത്രമേ ന്യായവില നിശ്ചയിക്കാൻ പാടുള്ളൂവെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അപാകതകളുണ്ടെങ്കിൽ അതു തിരുത്താൻ ഗവൺമെന്റ് സന്നദ്ധമാണ്.

(11) <u>കേന്ദ്ര ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുള്ള സർവ്വീസ് ടാക്സ്</u>

<u>ശ്രീ. ബാബുപോൾ</u>:. സഹകരണ സംഘങ്ങളുമായി ബന്ധപ്പെട്ട 120-ഓളം ഇനങ്ങളിൽ 12.36 ശതമാനം നിരക്കിൽ സർവ്വീസ് ടാക്സ് ഈടാക്കണമെന്ന് കേന്ദ്രസർക്കാർ സഹകരണസ്ഥാപനങ്ങളോട് ആവശ്യപ്പെട്ടിരിക്കുകയാണ്. 1994-ൽ കേന്ദ്ര ഗവൺമെന്റ് കൊണ്ടു വന്ന ധനകാര്യ ആക്ടിലെ 67-ാം വകുപ്പു പ്രകാരം സർവ്വീസ് ടാക്സ് ഈടാക്കുന്നതിനാണ് സെൻട്രൽ ബോർഡ് ഓഫ് എക്സൈസ് ആന്റ് കസ്റ്റംസ് വിഭാഗം നടപടി സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിലെ സഹകരണ സംഘങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്ന കേന്ദ്രനയത്തിനെതിരെ ശക്തമായ നടപടികൾ സ്വീകരിക്കണം.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി <u>(ശ്രീ. ജി. സുധാകരൻ):</u> 1994-ൽ കേന്ദ്ര ഗവൺമെന്റ് കൊണ്ടു വന്ന ധനകാര്യ ആക്ടിലെ 67-ാം വകുപ്പു പ്രകാരം സർവ്വീസ് ടാക്സ് ഈടാക്കണമെന്ന് സെൻടൽ ബോർഡ് ഓഫ് എക്സൈസ് ആന്റ് കസ്റ്റംസ് വിഭാഗം ആർ.ബി.ഐ.യോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ആർ.ബി.ഐ. കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്കും ഇതു ബാധകമാക്കിയിരിക്കുകയാണ്. സഹകരണ സംഘങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങളെ പ്രതികൂലമായി

ബാധിക്കുന്ന ഈ നയം മാറ്റണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുന്നതാണ്.

(12) വെട്ടുകടവ് പാലം പണി

ശ്രീ. ബി.ഡി. ദേവസ്സി: മേലൂർ ഗ്രാമപഞ്ചായത്തിനേയും ചാലക്കുടി മുനിസിപ്പാലിറ്റിയേയും തമ്മിൽ ബന്ധിപ്പിക്കുന്നതിനുവേണ്ടി ചാലക്കുടി നിയോജകമണ്ഡലത്തിലെ ചാലക്കുടി പുഴയ്ക്ക് കുറുകെ വെട്ടുകടവ് പാലം നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): ചാലക്കുടി നിയോജകമണ്ഡലത്തിലെ ചാലക്കുടി പുഴയ്ക്ക് കുറുകെയുള്ള വെട്ടുകടവ് പാലം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദമായ ഡിസൈൻ തയ്യാറാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിലെ ഡിസൈൻ വിഭാഗത്തെ ചുമതലപ്പെടുത്തുന്നതാണ്. സ്ട്രക്ച്ചർ ഡിസൈനിംഗിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായിട്ടുണ്ട്. അംഗീകൃത ഡിസൈൻ ലഭിച്ചാൽ ഉടൻ തന്നെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ധനസഹായത്തിനായി നബാർഡിനു സമർപ്പിക്കുന്നതാണ്.

(13) നന്തി റെയിൽവെ മേൽപ്പാലം

ശ്രീ. പി. വിശ്വൻ: കോഴിക്കോട് ജില്ലയിലെ നന്തി റെയിൽവെ മേൽപ്പാലത്തിന്റെ പണി അടിയന്തിരമായി പൂർത്തിയാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): കോഴിക്കോട് ജില്ലയിലെ നന്തി റെയിൽവെ മേൽപ്പാലത്തിന്റെ അവശേഷിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതു സംബന്ധിച്ച് ബന്ധപ്പെട്ടവരുമായി

ചർച്ചകൾ നടത്തി ധാരണയായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണം പുനരാരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(14) <u>അത്താണി റെയിൽവെ മേൽപ്പാലം</u>

<u>ശ്രീ. എ.സി. മൊയ്തീൻ:</u> അത്താണിയിലെ റെയിൽവെ മേൽപ്പാലത്തിന്റെ പണി അടിയന്തിരമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി <u>(ശ്രീ. മോൻസ് ജോസഫ്):</u> തൃശൂർ മെഡിക്കൽ കോളേജിലേയ്ക്കു പോകുന്ന ഏറ്റവും പ്രധാനപ്പെട്ട റെയിൽവെ മേൽപ്പാലത്തിന്റെ പണിയിൽ താമസം ഉണ്ടാകാൻ കാരണം റെയിൽവെയുടെ ഭാഗത്തു നിന്നുണ്ടായ അനാസ്ഥയാണ്. ആർ.ബി.ഡി.സി. ചെയ്യേണ്ട കാര്യങ്ങളെല്ലാം ചെയ്തു കഴിഞ്ഞു. റെയിൽവേ അധികൃതരുമായി ചർച്ച ചെയ്ത് പ്രശ്നങ്ങൾ പരിഹരിച്ച് റെയിൽവെയുടെ ഭാഗത്തുനിന്നുണ്ടായ കാലതാമസം ഒഴിവാക്കി നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കാൻ ആവശ്യമായ കാര്യങ്ങൾ ഗവൺമെന്റ് തലത്തിൽ ചെയ്യുന്നതാണ്.

(15) <u>പാഠപുസ്തകങ്ങൾ നശിപ്പിക്കൽ</u>

<u>ശ്രീ. വി. ശശികുമാർ</u>: മലപ്പുറം കോട്ടപ്പടി ടൗണിൽ ഇന്നലെ പതിനയ്യായിരത്തോളം വരുന്ന പാഠപുസ്തകങ്ങൾ കത്തിച്ചു ചാമ്പലാക്കിയതിനുത്തരവാദികളായവരെ മാതൃകാപരമായി ശിക്ഷിക്കുകയും കുട്ടികൾക്ക് പാഠപുസ്തകങ്ങൾ വിതരണം ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തുകയും വേണം. .

വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എം.എ. ബേബി</u>) : പുസ്തക വിതരണ ക്രമമനുസരിച്ച് ഇന്നലെ മലപ്പുറം

ടെക്സ്റ്റ് ഡിപ്പോയിൽ നിന്ന് മഞ്ചേരി കൊണ്ടോട്ടി ബി.ആർ.സി-കൾക്കാണ് പുസ്തക വിതരണം നടത്തേണ്ടിയിരുന്നത്. മഞ്ചേരിയിൽ നിന്നും പുസ്തകങ്ങൾ ഏറ്റെടുത്ത് കോട്ടപ്പടി സിവിൽ സ്റ്റേഷൻ ഗോഡൗണിലേയ്ക്ക് പോകാൻ തയ്യാറായ സമയത്ത് ഒരു സംഘം ആളുകൾ പുസ്തകം കയറ്റിയ ലോറിയിൽ കയറി പുസ്തകങ്ങൾ വലിച്ചെറിയുകയും കത്തിക്കുകയും ചെയ്തു. പ്രാഥമിക കണക്കനുസരിച്ച് 6800-ഓളം പുസ്തകങ്ങൾ കത്തിച്ചു കളഞ്ഞിട്ടുണ്ട്. 2700 ലധികം പുസ്തകങ്ങൾ ചെളിയിൽ വലിച്ചെറിഞ്ഞ് കുട്ടികൾക്ക് വിതരണം ചെയ്യാൻ കഴിയാത്തവിധം നശിപ്പിച്ചു. മലപ്പുറം പോലീസ് സ്റ്റേഷനിൽ ഇതുസംന്ധിച്ച് ഒരു പരാതി നൽകിയിട്ടുണ്ട്. ഇത് പാഠപുസ്തക വിതരണം അലങ്കോലപ്പെടുത്താൻ ബോധപൂർവ്വം ചിലർ നടത്തുന്ന ശ്രമത്തിന്റെ ഭാഗമാണെന്ന് കരുതേണ്ടിയിരിക്കുന്നു. ഈ പുസ്തകങ്ങൾ പഠിപ്പിക്കാൻ അനുവദിക്കില്ലെന്ന് ചിലർ പ്രഖ്യാപിച്ചിട്ടുണ്ട്. പുസ്തകത്തെ ഗുരുവിനെപ്പോലെ കരുതുന്ന ഒരു സമീപനമാണ് നമുക്കുള്ളത്. പുസ്തക വിരോധ വിജ്ഞാന വിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെ സഭ ഒറ്റക്കെട്ടായി ശബ്ദമുയർത്തണം.

(16) <u>വനമേഖലയിലെ റോഡ് നിർമ്മാണം</u>

<u>ശ്രീ. രാജു എബ്രഹാം</u> : നബാർഡിന്റെ ധനസഹായത്തോടെ കേരളത്തിലെ വിവിധ നിയോജകമണ്ഡലങ്ങളിൽ അനുവദിച്ച 30 റോഡുകളിൽ 29 എണ്ണവും ആദിവാസി പട്ടികജാതി കോളനികളിലുള്ളതാണ്. ശബരിമല-ചിറ്റാർ-അച്ചൻകോവിൽ റോഡും മണിയാർ-കട്ടച്ചിറ റോഡും നിർമ്മിക്കേണ്ടതുണ്ട്.. പത്ത് വർഷം നീണ്ടുനിന്ന പ്രക്രിയയ്ക്കൊടുവിലാണ് നബാർഡിൽ നിന്നും പണം ലഭിച്ചത്. ശ്രീമതി സുഗതകുമാരി

കൊടുത്തിട്ടുള്ള പെറ്റീഷന്റെ അടിസ്ഥാനത്തിൽ പണി നിർത്തിവച്ചിരിക്കുന്ന റോഡുകളുടെ നിർമ്മാണം വനം വകുപ്പ് ഇടപെട്ട് ആരംഭിക്കണം.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) : ജനങ്ങളുടെ താൽപ്പര്യവും നാടിന്റെ വികസനവും പ്രധാനമാണെന്ന് ഗവൺമെന്റിന് ബോധ്യമുണ്ട്. ഇതുമായി ബന്ധപ്പെട്ട കാര്യം സ്റ്റേറ്റിന്റെ മാത്രം പരിധിയിൽ വരുന്നതല്ല. 1980-ൽ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് വന്നതിനാൽ അതിലെ എല്ലാ വ്യവസ്ഥകളും പാലിച്ചുകൊണ്ടു മാത്രമേ വനം വകുപ്പിന് ഇത്തരം കാര്യങ്ങൾ നടത്താൻ അനുവാദമുള്ളു. പല വിഷയങ്ങളിലും വനേതര ആവശ്യങ്ങൾക്കുവേണ്ടി വനഭൂമി വിട്ടുകൊടുക്കേണ്ടി വരുമ്പോൾ അനുമതിക്കായി പോകാനും അനുമതി നേടാനും സംസ്ഥാന ഗവൺമെന്റ് ബാദ്ധ്യസ്ഥമാണ്. പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ഇത്തരം കാര്യങ്ങൾ ചെയ്യാൻ വനം വകുപ്പ് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. നബാർഡിന്റെ സഹായത്തോടെ വനമേഖലയിലെ റോഡുകൾ പുനരുദ്ധരിക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. ചാലക്കുടി ഡിവിഷനിലെ ഒരു റോഡ് ഇതിനകം പൂർത്തിയായിട്ടുണ്ട്. അച്ചൻ കോവിൽ ഡിവിഷനിലെ 5.3 കിലോമീറ്റർ റോഡിന്റെ കരാർ 29-2-2008-ന് നൽകിക്കഴിഞ്ഞു. മണിയാർ-കട്ടച്ചൽ റോഡ് ഉൾപ്പെടെയുള്ള മറ്റെല്ലാ റോഡുകളുടേയും പുനരുദ്ധാരണത്തിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ശ്രീമതി സുഗതകുമാരി പ്രകൃതി സംരക്ഷണ ഏകോപന സമിതിക്കുവേണ്ടിയാണ് ഒരു കത്ത് തന്നത്. പരിശോധിച്ചതിനുശേഷം വനങ്ങൾക്ക് ക്ഷതമേൽക്കാത്ത രീതിയിൽ ഉചിതമായ തീരുമാനമെടുക്കുന്നതായിരിക്കും.

(17) തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ശാന്തി നിയമനം

ശ്രീ. വി.ഡി. സതീശൻ : തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ശാന്തി നിയമനവുമായി ബന്ധപ്പെട്ടും മറ്റെല്ലാ നിയമനങ്ങളുമായും ബന്ധപ്പെട്ടും അഴിമതി നടക്കുകയാണ്. ദേവസ്വം ബോർഡിലെ അഴിമതി പൂർണ്ണമായും അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണം.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : ശാന്തി നിയമനം പി.എസ്.സി.ക്ക് ഇതുവരെ വിട്ടിട്ടില്ല. തിരുവിതാംകൂർ ദേവസ്വം ബോർഡിലെ നിയമനങ്ങൾ നിയമപരമായി നടത്തണമെന്നാണ് സർക്കാർ നിലപാട്. ശാന്തി നിയമനവുമായി ബന്ധപ്പെട്ട് ഗുരുതരമായ ആരോപണം വിവിധ കോണുകളിൽ നിന്ന് ഉയർന്നു വന്നിരിക്കുന്ന സാഹചര്യത്തിൽ . ഈ ലിസ്റ്റ് ഉണ്ടാക്കിയതിൽ അഴിമതിയില്ലെന്ന് സംശയാതീതമായി തെളിയിക്കുന്നതു വരെ ശാന്തി നിയമനം തൽക്കാലം നിറുത്തിവയ്ക്കണമെന്നതാണ് ഗവൺമെന്റിന്റെ അഭിപ്രായം. കഴിഞ്ഞ ബോർഡിന്റെ കാലത്തും അഴിമതി ആരോപണമുണ്ടായപ്പോൾ നിയമന നടപടികൾ നിറുത്തിവയ്ക്കണമെന്നുള്ള രീതിയിൽ ഗവൺമെന്റ് അഭിപ്രായം പറഞ്ഞിരുന്നു. ആ നിയമനവും ഇതുവരെ നടത്തിയിട്ടില്ല തിരുവിതാംകൂർ ദേവസ്വം ബോർഡിൽ സാർവ്വത്രികമായി അഴിമതി നടക്കുന്നുവെന്നുള്ള അഭിപ്രായം തന്നെയാണ് ഗവൺമെന്റിനുള്ളത്. ഗുരുവായൂർ ദേവസ്വം ബോർഡ് നിയമത്തിനകത്ത് ഗവൺമെന്റിന് ഇടപെടാൻ അനുവാദമുള്ളതുപോലെ തിരുവിതാംകൂർ ദേവസ്വം ബോർഡിലും ഗവൺമെന്റ് ഇടപെടൽ ഉണ്ടായാലേ പ്രശ്നം അവസാനിക്കുകയുള്ളൂ.

**റിപ്പോർട്ട് സമർപ്പണം**

ഒന്ന് മുതൽ പത്തുവരെയുള്ള സബ്ജക്ട് കമ്മിറ്റികളുടെ ആനുകാലിക റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

**വ്യക്തിപരമായ വിശദീകരണം**

ശ്രീ. ടി.എൻ. പ്രതാപൻ : ഈ നിയമസഭയിലെ ഒരംഗമെന്ന നിലയിൽ ഈ നിയമസഭാ സെഷനിൽ ഇടതു കൈയിൽ ബാന്റേജിട്ട് ഈ സഭയിലേയ്ക്ക് വരേണ്ടിവന്നതിലുള്ള അതിയായ ദു:ഖം ഞാൻ രേഖപ്പെടുത്തുകയാണ്. ഒരു പൊതുപ്രവർത്തകനെന്നുള്ള നിലയിൽ ന്യായവും നീതിയും പൂർണ്ണമായും സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ ഉദ്യോഗസ്ഥൻമാരോടും ജനപ്രതിനിധികളോടും യോജിച്ച് പ്രവർത്തിക്കുന്ന ഒരു ജനപ്രതിനിധിയാണ് ഞാൻ. വിദ്യാർത്ഥി സമരവുമായി ബന്ധപ്പെട്ട് 17-ാം തീയതി തൃശ്ശൂർ കളക്ടറേറ്റിൽ എം.എൽ.എ എന്ന നിലയിൽ കെ.എസ്.യു.വിന്റെ മാർച്ച് ഉദ്ഘാടനം ചെയ്യാൻ പോയതാണ്. മാർച്ച് ഉദ്ഘാടനം ചെയ്ത് വാഹനത്തിൽ കയറാൻ പോയപ്പോൾ ഒരു ബഹളംകേട്ട് തിരിഞ്ഞ് നോക്കുമ്പോൾ കെ.എസ്.യു. പ്രവർത്തകർ മർദ്ദനമേറ്റ് എന്റെ അരികിലേയ്ക്ക് ഓടി വരുന്നു. ആ സമയത്ത് പോലീസുകാർ ലാത്തികൊണ്ട് അടിച്ചു. ഡി.വൈ.എസ്.പി ഓടി വന്ന് 'എം.എൽ.എ ആണ് തല്ലരുത്' എന്ന് പറഞ്ഞതിനുശേഷവും അവർ എന്നെ തല്ലി ഇടതുകൈയുടെ പെരുവിരലിലെ എല്ല് പൊട്ടി. യാതൊരു പ്രകോപനവുമില്ലാതെ തിരിച്ചുപോയ എന്നെയാണ് പോലീസുകാർ മർദ്ദിച്ചത്. ഞാൻ എന്ത് പ്രകോപനമുണ്ടാക്കിയിട്ടാണ് പോലീസുകാർ തല്ലിയത് എന്നറിയില്ല. ഈ സഭയിൽ അപ്പുറത്തിരിക്കുന്നവരെല്ലാം എന്നെ

ആശ്വസിപ്പിച്ചു. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി മാത്രം അതിനെക്കുറിച്ച് ഒന്നും അന്വേഷിച്ചില്ല. ഒരു നിയമസഭാ സാമാജികന് പൊതു പ്രവർത്തനം നടത്തുന്നതിനും സമരം ചെയ്യുന്നതിനുമുള്ള അവകാശമുണ്ട്. അതിനെ അടിച്ചമർത്താമെന്ന് കരുതണ്ട.

ശ്രീ. മുരളി പെരുനെല്ലി : കഴിഞ്ഞ 20-ാം തീയതി തൃശ്ശൂർ ജില്ലയിൽ ഹർത്താൽ ദിനത്തിൽ യു.ഡി.എഫ്.കാർ തൃശ്ശൂർ നഗരത്തിൽ അഴിഞ്ഞാടുകയായിരുന്നു. അന്ന് ഖത്തറിൽ ഒരു കടയ്ക്ക് തീ പിടിച്ച് അതിദാരുണമായി മരണപ്പെട്ടയാളിന്റെ മൃതശരീരം കബറടക്കം കഴിഞ്ഞ് തിരിച്ചുവരുന്ന വഴിയിൽ ജാഥയിൽ ഉണ്ടായിരുന്നവർ എന്റെ വണ്ടിക്കരികിൽ വന്ന് എന്നെ കുത്താൻ ശ്രമിച്ചു. കാറിന്റെ ഗ്ലാസ്സ് ഇട്ടിരുന്നതുകൊണ്ട് അപകടമില്ലാതെ രക്ഷപ്പെട്ടു. ഡ്രൈവർക്ക് പരിക്കേറ്റു. ഇതിനെക്കുറിച്ച് സത്യസന്ധമായി അന്വേഷിക്കാനുള്ള നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : ജനപ്രതിനിധികൾക്കുനേരെ ആക്രമണമുണ്ടാകുന്നതിൽ ഗവൺമെന്റിന് അതിയായ ദു:ഖമുണ്ട്. ശ്രീ. ടി.എൻ പ്രതാപന് മർദ്ദനമേറ്റത് സംബന്ധിച്ച് ഗവൺമെന്റിനോ പോലീസ് സ്റ്റേഷനിലോ പരാതി കൊടുത്തിട്ടില്ല. അദ്ദേഹത്തിനുണ്ടായ അനുഭവത്തെക്കുറിച്ച് വിശദീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ഐ.ജി തലത്തിലുള്ള ഒരു അന്വേഷണം നടത്തുന്നതാണ്. കുറ്റം ചെയ്ത പോലീസുകാരുടെ പേരിൽ നടപടി എടുക്കും. ശ്രീ. ടി.എൻ പ്രതാപനുമായി സംസാരിച്ചിരുന്നു;. ഔപചാരികമായി വന്നു കാണാൻ കഴിയാതെ പോയതിൽ വിഷമമുണ്ട്. ശ്രീ. മുരളി പെരുനെല്ലിയുടെ നേരെയുണ്ടായത് പോലീസ് അക്രമമല്ല;

രാഷ്ട്രീയ അക്രമമാണ്. ഇത്തരം സംഭവങ്ങൾ ഒഴിവാക്കാൻ ഗവൺമെന്റ് ശ്രമിക്കും. .. ജനപ്രതിനിധികൾ ആരുംതന്നെ അക്രമത്തിന് വിധേയരാകുന്ന അവസ്ഥ ഉണ്ടാകാൻ പാടില്ല. അതുകൊണ്ട് സർക്കാർ ഇക്കാര്യത്തിൽ വേണ്ട നടപടി സ്വീകരിക്കും.

മി. സ്പീക്കർ : രണ്ട് എം.എൽ.എ മാർക്കുണ്ടായ അനുഭവങ്ങൾ വിശദീകരിച്ചു. എം.എൽ.എ മാർക്ക് ഇത്തരത്തിലുള്ള സംഭവമുണ്ടാകാതിരിക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണമെന്നാണ് ചെയറിന് അഭ്യർത്ഥിക്കാനുള്ളത്.

**ക്രമപ്രശ്നം**

റിപ്പോർട്ട് സമർപ്പിക്കൽ

ശ്രീ.ആര്യാടൻ മുഹമ്മദ് : നിയമസഭാ നടപടി ചട്ടം അനുസരിച്ച് കമ്മിറ്റി റിപ്പോർട്ടുകൾ ചെയർമാന്റെ അഭാവത്തിൽ സമിതിയിലെ ഏതെങ്കിലും അംഗമേ സമർപ്പിക്കാൻ പാടുള്ളൂ. സമിതിയിൽ അംഗമല്ലാത്ത മന്ത്രിമാർ സമർപ്പിച്ച രണ്ട് റിപ്പോർട്ടുകൾ സമർപ്പിച്ചതായി കണക്കാക്കാൻ പാടില്ല. അത് ഓർഡറിലല്ല.

**റൂളിംഗ്**

മി. സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. റിപ്പോർട്ട് സമർപ്പിക്കേണ്ട മന്ത്രി ഇല്ലെങ്കിൽ ആ കമ്മിറ്റിയിലെ മെമ്പർ തന്നെയായിരിക്കണം സമർപ്പിക്കേണ്ടത്. ഇനി ഇത് ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കണം.

**ധനകാര്യം**

2008-09 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ

ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ.കോടിയേരി ബാലകൃഷ്ണൻ) : താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു:

ധനാഭ്യർത്ഥന നമ്പർ III - നീതിന്യായ നിർവ്വഹണം

(113,31,49,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XII - പോലീസ്

(639,80,07,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XIII - ജയിലുകൾ

(27,83,83,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XLII - വിനോദസഞ്ചാരം

(78,89,57,000)

ഭക്ഷ്യവും സിവിൽസപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ.സി. ദിവാകരൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : നീതിന്യായ നിർവ്വഹണം എന്ന III -ാം ധനാഭ്യർത്ഥനയേയും പോലീസ് എന്ന XII -ാം നമ്പർ ധനാഭ്യർത്ഥനയേയും ജയിലുകൾ എന്ന XIII -ാം നമ്പർ ധനാഭ്യർത്ഥനയേയും വിനോദസഞ്ചാരം എന്ന XLII -ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236 (3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്ത് വയ്ക്കുന്നു.

സർവ്വശ്രീ കെ.സി. വേണുഗോപാൽ, കെ. ബാബു, പി.സി. വിഷ്ണുനാഥ്, ടി.എൻ. പ്രതാപൻ, കെ.സി. ജോസഫ്, ജി. കാർത്തികേയൻ,

ആര്യാടൻ മുഹമ്മദ്, എ.പി. അനിൽകുമാർ, കെ.കെ. ഷാജു, സി.ടി. അഹമ്മദ് അലി, എം. ഉമ്മർ, യു.സി. രാമൻ, വി.കെ. ഇബ്രാഹിംകുഞ്ഞ്, അടൂർ പ്രകാശ്, എം.എ. വാഹിദ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, ജോസഫ് എം. പുതുശ്ശേരി, റോഷി അഗസ്റ്റിൻ, പ്രൊഫ.കെ.വി. തോമസ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

<u>പ്രൊഫ.കെ.വി. തോമസ്</u> : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വിദ്യാർത്ഥി യുവജനപ്രസ്ഥാനത്തിലൂടെ രാഷ്ട്രീയ-ഭരണ രംഗങ്ങളിൽ കടന്നുവന്ന മന്ത്രിമാരായ ശ്രീ.കോടിയേരി ബാലകൃഷ്ണനും ശ്രീ.എം.എ. ബേബിയും തങ്ങൾ വളർന്നുവന്ന മേഖലയെ പരിപൂർണ്ണമായി അവഗണിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വിദ്യാഭ്യാസ വകുപ്പുമന്ത്രി നടപ്പിലാക്കുന്ന വിദ്യാഭ്യാസ പരിഷ്ക്കാരങ്ങൾ വിദ്യാർത്ഥി സമൂഹത്തെ തെരുവിലിറക്കുന്ന രീതിയിലുള്ളതാണ്. ഈശ്വരവിശ്വാസത്തെ തകർക്കുക എന്നുള്ളത് ഗവൺമെന്റിന്റെ ഹിഡൻ അജണ്ടയാണ്. ജനാധിപത്യ രീതിയിലൂടെ സമരം നടത്തുന്ന യുവജനങ്ങളെ പോലീസ് ക്രൂരമായി അടിച്ചമർത്തുകയാണ്. ഇവിടെ എല്ലാപേർക്കും തുല്യനീതി ഉറപ്പാക്കണം. ഭരണകക്ഷിയിലെ എം.എൽ.എ.മാർക്കുപോലും സംരക്ഷണം കൊടുക്കാൻ ഈ ഗവൺമെന്റിന് കഴിയുന്നില്ല. സ്വന്തം പാർട്ടി പ്രവർത്തകർ പോലീസ് സ്റ്റേഷൻ ആക്രമിച്ചാൽ ഗവൺമെന്റ് ഒരു നടപടിയും എടുക്കുന്നില്ല. നീതി നിർവ്വഹിക്കപ്പെടുന്നുവെന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ ഗവൺമെന്റിന് കഴിയണം.

<u>ശ്രീ.വി. ശിവൻകുട്ടി</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളം ക്രമസമാധാന രംഗത്ത് മുന്നിലാണെന്ന് ദേശീയ ഭരണ റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്നു. സാമൂഹ്യവിരുദ്ധ ശക്തികളേയും ഗുണ്ടകളേയും

രാഷ്ട്രീയ വ്യത്യാസമില്ലാതെ അടിച്ചമർത്തുന്നതിന് ഈ ഗവൺമെന്റിന് സാധിച്ചു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള കുറ്റകൃത്യങ്ങൾ കുറഞ്ഞിരിക്കുകയാണ്. നിലവിലുള്ള ഒഴിവുകൾ പി.എസ്.സി. മുഖേന നികത്തുന്നതിന് നടപടി സ്വീകരിച്ചു. തൃശ്ശൂരിലെ പോലീസ് അക്കാദമി ദേശീയ ശ്രദ്ധ പിടിച്ചുപറ്റിയിരിക്കുകയാണ്. 180-ഓളം പോലീസ് സ്റ്റേഷനുകൾ കമ്പ്യൂട്ടർവത്കരിച്ചു. ഫോറൻസിക് ലാബിലും ഫിംഗർപ്രിന്റ് വകുപ്പിലും അത്യന്താധുനിക ഉപകരണങ്ങൾ വാങ്ങിച്ച് കുറ്റാന്വേഷണം ശാസ്ത്രീയമാക്കാൻ നടപടികൾ സ്വീകരിച്ചു. സൈബർ കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കാൻ പ്രത്യേക സെൽ രൂപീകരിച്ചു. കേരളത്തിലെ ടൂറിസം മേഖലയിൽ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാകത്തക്ക വിധത്തിലുള്ള വിപ്ളവകരമായ വളർച്ച ഉണ്ടായിട്ടുണ്ട്. ഏഷ്യയിലെതന്നെ ജനപ്രീതിയാർജ്ജിച്ച മൂന്നാമത്തെ വിനോദസഞ്ചാരകേന്ദ്രമായി കേരളം മാറുകയാണ്. 250-ഓളം പുതിയ ടൂറിസം പദ്ധതികൾക്ക് ഭരണാനുമതി നൽകാനും 21 കേന്ദ്ര പദ്ധതികൾക്ക് അനുവാദം വാങ്ങാനും സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ കേരളത്തിൽ പുതിയൊരു അനുഭവമായിരുന്നു. സ്വകാര്യ സംയുക്ത സംരംഭമായി ആരംഭിച്ചിട്ടുള്ള 805 കോടി രൂപയുടെ ആക്കുളത്തെ ഇന്റർ നാഷണൽ കൺവെൻഷണൽ സെന്റർ കേരളത്തിന്റെ ടൂറിസം രംഗത്ത് വലിയ മാറ്റം ഉണ്ടാക്കും. ഡി.റ്റി.പി.സി.യുടെ പ്രവർത്തനം സജീവമാക്കാൻ കഴിയണം. ട്രാഫിക് രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടാൻ സംവിധാനം ഉണ്ടാക്കണം. തലസ്ഥാന നഗരിയിൽ ഹൈക്കോടതി ബഞ്ച് അനുവദിച്ചുകിട്ടുന്നതിന് കേരളത്തിൽ നിന്നുള്ള എം.പി.മാരും കേന്ദ്രമന്ത്രിമാരും ശക്തമായ സമ്മർദ്ദം

ചെലുത്തണം. സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകാതെ ചെറിയ പ്രശ്നങ്ങൾ പർവ്വതീകരിച്ച് കാണിക്കാനാണ് മാധ്യമങ്ങൾ താൽപ്പര്യം കാണിക്കുന്നത്. വരാൻ പോകുന്ന പാർലമെന്റ് തെരഞ്ഞെടുപ്പിന് മുന്നോടിയായി അണികളെ സജീവമാക്കാൻവേണ്ടിയുള്ള പരിശ്രമമാണ് യു.ഡി.എഫ്. നടത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: ധനാഭ്യർത്ഥനകളെ എതിർക്കുന്നു ക്രിമിനലുകളുടെ പരോളും രാത്രികാല പവർകട്ടും ക്വട്ടേഷൻ കൊലയാളികളുടെ പറുദീസയാക്കി കേരളത്തെ മാറ്റിയിരിക്കുന്നു. ബ്രിട്ടീഷ് മാതൃകയിലുള്ള മലബാർ സ്പെഷ്യൽ പോലീസിന്റെ അവസ്ഥപോലെ ഭീകരമാണ് ഇപ്പോഴുള്ള പോലീസ് സംവിധാനം. സ്വാതന്ത്ര്യ-വിമോചന സമരത്തിലില്ലാത്തവിധം വലിയ ക്രൂരതയാണ് ജനങ്ങൾ ഇപ്പോൾ ഏറ്റുവാങ്ങുന്നത്. നക്സലുകളെ നേരിടുന്നതു പോലെയാണ് വിദ്യാർത്ഥികളെ നേരിടുന്നത്. വിവാദ പാഠപുസ്തകം പിൻവലിക്കണം. ഗുണ്ടാവിളയാട്ടം അവസാനിപ്പിക്കാനും നൈറ്റ് പട്രോളിംഗ് സജീവമാക്കാനും നടപടി സ്വീകരിക്കണം. ശ്രീ.ടി.എൻ.പ്രതാപൻ എം.എൽ.എ.യെ തല്ലിയ പോലീസുകാർക്കെതിരെ നടപടി സ്വീകരിക്കണം. പോലീസിന്റെ ജോലി കപ്പംപിരിക്കലും അകമ്പടി സേവിക്കലും മാത്രമായി ചുരുങ്ങരുത്. വ്യാജ സ്വാമിമാരും സിദ്ധൻമാരും സംസ്ഥാനം അടക്കിവാഴുകയാണ്. പരാതിയുമായി ചെന്ന വീട്ടമ്മയെ പീഡിപ്പിച്ച പോലീസുകാരനെതിരെ ആഴ്ചകൾക്ക് ശേഷമാണ് നടപടി സ്വീകരിച്ചത്. ടൂറിസത്തിന്റെ ഭാഗമായി ഹോട്ടലുകൾ പണിയാൻ കൃഷിഭൂമി വിട്ടുകൊടുക്കുമെന്ന തീരുമാനം അപകടകരമാണ്. മലപ്പുറത്തുള്ള ഒട്ടുംപുറം ബീച്ചിനെ ടൂറിസം പ്രോജക്റ്റിന്റെ ഭാഗമാക്കണം.

<u>ശ്രീ. കെ. രാജു:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന ഒന്നാം സ്റ്റാൻഡേർഡ് മുതൽ എട്ടാം സ്റ്റാൻഡേർഡ് വരെയുള്ള പാവപ്പെട്ട വിദ്യാർത്ഥികൾക്ക് സൗജന്യമായി വിതരണം ചെയ്യാൻ കൊണ്ടുപോയ പാഠപുസ്തകങ്ങളാണ് മലപ്പുറത്ത് കത്തിച്ചത്. ഇത്തരത്തിലുള്ള സാമൂഹ്യ വിരുദ്ധപ്രവർത്തനം ആവർത്തിക്കാൻ അനുവദിക്കരുത്. മുമ്പെങ്ങും കണ്ടിട്ടില്ലാത്ത വിധത്തിലുള്ള നൂതന ആയുധങ്ങൾ പോലീസിന് നൽകിയതും ഇടതുപക്ഷ പ്രസ്ഥാനത്തിലെ പല നേതാക്കളെയും കള്ളക്കേസിൽ കുടുക്കി പോലീസ് മർദ്ദിച്ചതും യു.ഡി.എഫ്. ഭരണകാലത്താണ്. വർഗ്ഗീയ ശക്തികളെ സർക്കാരിന് എതിരായി ഇളക്കിവിടുന്ന പുതിയ രാഷ്ട്രീയതന്ത്രമാണ് പ്രതിപക്ഷം ഇപ്പോൾ സ്വീകരിച്ചിരിക്കുന്നത്. കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ പോലീസ് ഡിപ്പാർട്ടുമെന്റിൽ പല പരിഷ്ക്കാരങ്ങളും വരുത്തി. ഗുണ്ടാ ആക്റ്റ് നിലവിൽ വന്നതോടെ കുറ്റകൃത്യങ്ങൾ കുറഞ്ഞു തുടങ്ങി. പതിനഞ്ച് വർഷത്തെ സേവനം പൂർത്തിയാക്കുന്ന പോലീസ് കോൺസ്റ്റബിളിന് ഹെഡ്കോൺറ്റബിളായും 23 വർഷത്തെ സേവനം പൂർത്തിയാക്കുന്ന പോലീസുകാരന് എ.എസ്.ഐ. ആയും പ്രൊമോഷൻ നൽകാൻ തീരുമാനിച്ചത് പോലീസ് സേനയുടെ ആത്മവിശ്വാസവും കരുത്തും വർദ്ധിപ്പിച്ചിട്ടുണ്ട്. പോലീസിന്റെ ജോലി സമയം ഇരുപത് പോലീസ് സ്റ്റേഷനുകളിൽ എട്ട് മണിക്കൂർ ആക്കി നിജപ്പെടുത്തുകയുണ്ടായി. ഈ രീതി സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും നടപ്പിലാക്കണം. പതിനേഴ് പോലീസ് സ്റ്റേഷനുകളിൽ കമ്മ്യൂണിറ്റി പോലീസിംഗ് നടപ്പിലാക്കി. ജനസേവനത്തിന് മുൻതൂക്കം നൽകിക്കൊണ്ടുള്ള പരിഷ്ക്കാരങ്ങൾ പോലീസ് സേനയ്ക്ക് മെച്ചപ്പെട്ട പ്രതിരൂപം നൽകി. ഇൻഡ്യയിലെ ഇതര സംസ്ഥാന

ങ്ങളെ അപേക്ഷിച്ച് സംസ്ഥാനത്തെ ക്രമസമാധാന നില മെച്ച പ്പെട്ടതാണെന്ന് 'ഇൻഡ്യ ടുഡേ' ഒരു സർവ്വേയിൽ അഭിപ്രായപ്പെട്ടിട്ടുണ്ട്. എൽ. ഡി. എഫ്. ന്റെ കെട്ടുറപ്പുള്ള ഭരണമാണ് ഇവിടെ നടക്കുന്നത്. ക്രമസമാധാനനില ഭദ്രമായതിനാലാണ് കേരളത്തിലേയ്ക്ക് ധാരാളം ടൂറിസ്റ്റുകൾ വരുന്നത്.

<u>ശ്രീ. ജോസഫ് എം. പുതുശ്ശേരി</u> : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുക എന്ന ഒരു ജനാധിപത്യ ഗവൺമെന്റിന്റെ പ്രാഥമിക ഉത്തരവാദിത്വം പാലിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. എല്ലാ രംഗങ്ങളിലും പരാജയമാണ്. ഇൻഡ്യയിൽ കുറ്റകൃത്യങ്ങൾ ഏറ്റവും കൂടുതൽ നടക്കുന്നത് കേരളത്തിലാണെന്നാണ് പല റിപ്പോർട്ടുകളും സൂചിപ്പിക്കുന്നത്. പോലീസ് പീഡനങ്ങൾ കൂടുകയാണ്. ഭവനഭേദനം, ഗുണ്ടാ ആക്രമണം, കവർച്ച, ആത്മഹത്യ, രാഷ്ട്രീയ സംഘട്ടനങ്ങൾ മുതലായവ കൂടിക്കൊണ്ടിരിക്കുകയാണ്. ക്രമസമാധാനരംഗത്ത് ഗുരുതരമായ വീഴ്ചയുണ്ടായിരിക്കുന്നു. ലോക്കപ്പിൽ നിന്ന് പ്രതികളെ രക്ഷിച്ചുകൊണ്ടു പോയവർക്കെതിരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. സസ്പെൻഡ് ചെയ്ത പോലീസ് ഉദ്യോഗസ്ഥരെ തിരിച്ചെടുക്കാൻ പാർട്ടി ഓഫീസിൽ തീരുമാനമെടുക്കുന്ന നിയമവാഴ്ചയാണ് ഇവിടെ നടക്കുന്നത്. മോഷണക്കേസ്സുകളിൽ ഒറ്റ പ്രതിയെപ്പോലും പിടിക്കാൻ കഴിയുന്നില്ല. ക്രമസമാധാനം തകർക്കുകയും രണ്ട് തരത്തിലുള്ള നീതി നടപ്പിലാക്കുകയും കേരളത്തിലെ ജനങ്ങൾക്ക് സ്വൈര്യജീവിതം അസാദ്ധ്യമാക്കുകയുമാണ് ഈ ഗവൺമെന്റിന്റെ ഭരണം കൊണ്ടുണ്ടായിരിക്കുന്നത്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിൽ ക്രമസമാധാനനില സംരക്ഷിക്കുന്നതിനും നീതിന്യായം ഭംഗിയായി നടപ്പിലാക്കുന്നതിനും ടൂറിസം മേഖലയിൽ കാര്യമായ വികസനം ഉണ്ടാക്കുന്നതിനും ഈ ഗവൺമെന്റിന് സാധിച്ചു. യു. ഡി. എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് പോലീസിന് ഭീകരമായ മുഖമായിരുന്നു. കിളിരൂർ, സൂര്യനെല്ലി സ്ത്രീപീഡനക്കേസ്സുകളെല്ലാം യു.ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് നടന്നവയാണ്. അതിന്റെയെല്ലാം പ്രാഥമികാന്വേഷണം പകുതിവഴിയിൽ അവസാനിപ്പിച്ച് പേപ്പറുകളെല്ലാം നശിപ്പിച്ചത് അന്നത്തെ ഗവൺമെന്റിന്റെ പിടിപ്പുകേട്കൊണ്ടായിരുന്നു. കേരളാ പോലീസിനെ ജനകീയമുഖമുള്ള പോലീസാക്കി മാറ്റിയത് ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റാണ്. കേരളത്തിൽ നടക്കുന്ന കേസ്സുകളെല്ലാം രജിസ്റ്റർ ചെയ്യുന്നതുകൊണ്ടാണ് കേസ്സുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാകുന്നത്. വളരെ സുതാര്യമായിട്ടാണ് കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നത്. ഈ ഗവൺമെന്റിന് കേരളത്തിൽ ഒട്ടേറെ മാറ്റങ്ങൾ ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ടെങ്കിലും ആഗോളവൽക്കരണ നയങ്ങളുടെ ഫലമായാണ് അതിന്റെ നല്ല ഫലങ്ങൾ അനുഭവിക്കാൻ സാധിക്കാത്തത്. ഭരണകക്ഷിയും പ്രതിപക്ഷവും ചേർന്ന് പ്രവർത്തിച്ചാൽ മാത്രമേ ക്രമസമാധാന നില നന്നാക്കാൻ സാധിക്കുകയുള്ളൂ. സാമൂഹ്യ വിരുദ്ധ പ്രവർത്തനവും മറ്റ് മാഫിയ പ്രവർത്തനങ്ങളും തടയാൻ ഈ ഗവൺമെന്റ് നിയമം കൊണ്ടുവന്നത് സ്വാഗതാർഹമായ കാര്യമാണ്. സ്ത്രീപീഡന കേസ്സുകളുൾപ്പെടെ വർഷങ്ങളായി അന്വേഷണം നടന്നുവന്നിരുന്ന നിരവധി കേസ്സുകൾ തെളിയിക്കാനും കുറ്റവാളികളെ ശിക്ഷിക്കാനും സാധിച്ചിരിക്കുന്നു. പോലീസിനെ ഏറ്റവും നല്ല നിലയിൽ

കൊണ്ടുവരാനും പോലീസ് സംവിധാനം ജനകീയമാക്കി മാറ്റാനും ഈ ഗവൺമെന്റിന് കഴിഞ്ഞു. ടൂറിസം മേഖലയിലും കൂടുതൽ വികസനം ഉണ്ടായിട്ടുണ്ട്. കോട്ടയം കേന്ദ്രീകരിച്ച് നടക്കുന്ന പെൺവാണിഭത്തെക്കുറിച്ച് ശക്തമായ അന്വേഷണം നടത്തണം.

ശ്രീ. കെ.പി. മോഹനൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പോലീസ് വളരെയധികം ആത്മസംയമനം പാലിക്കുന്നതുകൊണ്ടാണ് കൂടുതൽ പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കുന്നത്. ജനമൈത്രീ പോലീസ് പദ്ധതി നടപ്പിലാക്കിയത് സ്വാഗതാർഹമാണ്. പോലീസിന്റെ സജീവമായ പ്രവർത്തനം വഴി സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള കുറ്റകൃത്യങ്ങൾ കുറഞ്ഞു വരുന്നു. തീവ്രവാദികളെ അടച്ചമർത്താനും അക്രമ പ്രവർത്തനങ്ങൾ നടത്തുന്നവരെ കണ്ടെത്തുന്നതിനുംവേണ്ടി ഒരു ടാസ്ക്ഫോഴ്സ് രൂപീകരിക്കണം. അത്യന്താധുനിക ഉപകരണങ്ങൾ കൊടുത്തുകൊണ്ട് ഫയർഫോഴ്സ് സംവിധാനം മെച്ചപ്പെടുത്തണം. ജയിലിൽ ഗുണപരമായ ഒട്ടനവധി സംവിധാനങ്ങൾ ഒരുക്കാൻ സാധിച്ചിട്ടുണ്ട്. തലശ്ശേരി സബ് ജയിലിൽ സുരക്ഷാ സംവിധാനം കുറവായതിനാൽ അത് അവിടെനിന്നും മാറ്റി സ്ഥാപിക്കണം. മലബാർ മേഖലയിലെ ടൂറിസ്റ്റ് കേന്ദ്രങ്ങൾ വികസിപ്പിക്കണം. ഫോറസ്റ്റുമായി ബന്ധപ്പെട്ടുകൊണ്ട് ഗ്രാമീണ മേഖലയിൽ ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. സർക്കാർ ചെയ്യുന്ന നല്ല കാര്യങ്ങൾക്ക് എതിരെ പ്രചരണം നടത്തുന്ന യു..ഡി.എഫിന്റെ സമീപനത്തിൽ മാറ്റം വരുത്തണം.

ശ്രീ. എ.എം. ആരീഫ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. രാജ്യം സങ്കീർണ്ണമായ സ്ഥിതിയിലൂടെ കടന്നു പോകുകയാണ്. കോൺഗ്രസും ബി.ജെ.പി.യും രാജ്യതാൽപ്പര്യത്തെക്കാൾ കൂടുതൽ

അമേരിക്കൻ താൽപ്പര്യങ്ങളെയാണ് പരിരക്ഷിക്കുന്നത്. ആ സാഹചര്യത്തിൽ ഇൻഡ്യയെ രക്ഷപ്പെടുത്താൻ വേണ്ടിയാണ് കേന്ദ്രത്തിലെ കോൺഗ്രസ് ഗവൺമെന്റുമായി ഇടതുപക്ഷം സഹകരിച്ചു പോകുന്നത്. കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. ശിവരാജ് പാട്ടീൽ കഴിഞ്ഞ ദിവസം നടത്തിയ പ്രസംഗത്തിൽ കുറ്റകൃത്യങ്ങൾ ഏറ്റവും കുറഞ്ഞ സംസ്ഥാനമാണ് കേരളം എന്ന് പറഞ്ഞിട്ടുള്ളത് ശ്രദ്ധേയമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പോലീസ് ഉദ്യേഗസ്ഥർ തമ്മിലടിച്ചുകൊണ്ടിരുന്ന സ്ഥിതിയ്ക്ക് ഇപ്പോൾ മാറ്റമുണ്ടായിട്ടുണ്ട്. ഐ.ജി. ലെവലിലുള്ള പോലീസ് ഉദ്യോഗസ്ഥനെ വച്ച് ശ്രീ. ടി.എൻ. പ്രതാപൻ എം.എൽ.എ.യുടെ നേരെ ഉണ്ടായ സംഭവത്തെക്കുറിച്ച് അന്വേഷിക്കാൻ ആഭ്യന്തര വകുപ്പുമന്ത്രി ഉത്തരവിട്ടിട്ടുണ്ട്. പാഠപുസ്തകങ്ങൾ കത്തിച്ചവരുടെ പേരിൽ കർശന നടപടിയെടുക്കണം. കേരളത്തെ വെളിച്ചത്തിലേയ്ക്ക് കൊണ്ടുവരാൻ സന്നദ്ധത കാണിച്ച ഗവൺമെന്റാണിത്. കുറ്റകൃത്യങ്ങളുടെ കണക്കുകൾ പെരുകുന്നതിന്റെ പ്രധാന കാരണം മോട്ടോർ ആക്സിഡന്റ് കേസുകൾ കൂടി ഇതിൽ ഉൾപ്പെടുന്നതുകൊണ്ടാണെന്നതിനാൽ നിയമവിദഗ്ധരുമായി ആലോചിച്ച് പരിഹാരമുണ്ടാക്കണം.

ശ്രീ. പി.സി വിഷ്ണുനാഥ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ചങ്ങനാശ്ശേരി എൻ.എസ്.എസ്. കോളേജിൽ വച്ച് ഏലിയാസിനെ കൊന്നത് ആരാണെന്നും അതിലെ പ്രതികൾ ആരൊക്കെയാണെന്നും ധനാഭ്യർത്ഥന ചർച്ചയ്ക്ക് മറുപടി പറയുമ്പോൾ വ്യക്തമാക്കണം. തിരുവന്തപുരത്ത് പാസ്പോർട്ട് ആഫീസിന്റെ മുന്നിൽ ഒരു ചെറുപ്പക്കാരനെ വെട്ടിക്കൊന്നതും പട്ടാപ്പകൽ മോഷണങ്ങൾ നടക്കുന്നതുമൊക്കെ പോലീസിന്റെ നിഷ്ക്രിയത്വത്തെയാണ് സൂചിപ്പിക്കുന്നത്. എന്നാൽ തികച്ചും ന്യായമായ

ആവശ്യം ഉന്നയിച്ച് സമരം നടത്തിയവർക്കെതിരെ പോലീസ് ക്രൂരമായ നരനായാട്ടാണ് നടത്തിയത്. പത്തനംതിട്ടയിൽ എസ്.എഫ്.ഐ.യുടെ നേതൃത്വത്തിൽ പോലീസ് സ്റ്റേഷൻ ആക്രമിച്ച കേസിൽ പോലീസുകാരുടെ പേരിൽ കേസ് എടുത്തതിന്റെ ഫലമായി പോലീസുകാരുടെ ആത്മവീര്യം നഷ്ടപ്പെട്ട സാഹചര്യമുണ്ടായി. ഈ ഗവൺമെന്റിന്റെ കാലത്ത് കണ്ണൂരിൽ മാത്രം രജിസ്റ്റർ ചെയ്യപ്പെട്ട കലാപ കേസുകളുടെ കണക്ക് നാഷണൽ ക്രൈം റെക്കാർഡ്സ് ബ്യൂറോയുടെ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. . കേരളത്തിലെ ക്രമസമാധന നിലയുടെ സ്ഥിതി എന്താണെന്ന് ഈ റിപ്പോർട്ട് മാത്രം പരിശോധിച്ചാൽ മനസ്സിലാക്കാം. കണ്ണൂർ ജില്ലയിൽ മാത്രം 737 കലാപക്കേസുകൾ ഈ സർക്കാരിന്റെ ഭരണകാലത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ റിപ്പോർട്ടിൽ പറയുന്നുണ്ട്.

ശ്രീ. ടി. യു. കുരുവിള: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ രണ്ടുവർഷത്തെ ഭരണംകൊണ്ട് ടൂറിസം രംഗത്ത് വിപ്ളവകരമായ മാറ്റമുണ്ടാക്കാൻ സക്കാരിന് സാധിച്ചു. പൊതുമേഖലയിലും സ്വകാര്യ മേഖലയിലും പങ്കാളിത്തം ഉറപ്പിച്ചുകൊണ്ട് ടൂറിസം രംഗത്ത് ആശാവഹമായ നേട്ടം കൈവരിക്കാനും 1200 കോടി രൂപയുടെ നിക്ഷേപം ഉണ്ടാക്കാനും 11,433 കോടി രൂപയുടെ വരുമാനം ഉണ്ടാക്കാനും സാധിച്ചു. സംസ്ഥാനത്ത് ടൂറിസ്റ്റുകളുടെ വരവിൽ മുൻവർഷത്തേക്കാൾ 20.3 ശതമാനം വർദ്ധനവുണ്ടായി. ഈ മേഖലയിൽ 2007-ൽ ഏകദേശം 12 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ഈ രംഗത്തെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും ഗ്രാമതലത്തിൽ ടൂറിസം

വികസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചത് സ്വാഗതാർഹമാണ്. കെ.ടി.ഡി.സി.യുടെ വരുമാനം 60 കോടി രൂപയിൽ കവിഞ്ഞത് ഈ സർക്കാരിന്റെ കാലത്താണ്. ടൂറിസം വഴി മാത്രമേ ഭാവിയിൽ സംസ്ഥാനത്തിന് വളർച്ചയുണ്ടാകുകയുള്ളൂ. ടൂറിസം രംഗം വികസിപ്പിക്കാൻ നല്ല റോഡുകളും താമസ സൗകര്യങ്ങളും സ്ഥലങ്ങളും ഉണ്ടാകണം. നിലവിലുള്ള കേരള ലാൻഡ് അസൈൻമെന്റ് ആക്ട് അനുസരിച്ച് കൃഷി ചെയ്യുവാനും കെട്ടിടം നിർമ്മിക്കാനും മാത്രമേ സാധിക്കുകയുള്ളൂ. അതുകൊണ്ട് പ്രസ്തുത ആക്ടിൽ ആവശ്യമായ ഭേദഗതി വരുത്തണം. നെടുമ്പാശ്ശേരി, കൊടൈക്കനാൽ, മൂന്നാർ വഴിയുള്ള റോഡ് വികസിപ്പിച്ചാൽ ടൂറിസം രംഗത്ത് അത് വളരെയേറെ പ്രയോജനപ്പെടുത്താൻ സാധിക്കും. ടൂറിസ്റ്റ് മേഖലയായി പ്രഖ്യാപിച്ച കൊച്ചിയിലെ ഭൂതത്താൻകെട്ട് വികസിപ്പിക്കുകയും അവിടെ വരുന്ന ടൂറിസ്റ്റുകളുടെ സുരക്ഷയ്ക്ക് വേണ്ടി ഒരു പോലീസ് ഔട്ട്പോസ്റ്റ് സ്ഥാപിക്കുകയും ചെയ്യണം. പോലീസ് സേനയെ നവീകരിക്കുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വേണ്ടി ജനമൈത്രി സുരക്ഷാ പദ്ധതി എന്ന പേരിൽ സംസ്ഥാനത്ത് നടപ്പിലാക്കുന്ന കമ്മ്യൂണിറ്റി പോലീസ് പദ്ധതി വളരെ സ്വാഗതാർഹമാണ്. മാഫിയാ സംഘങ്ങളെയും സാമൂഹ്യ വിരുദ്ധരേയും നിയന്ത്രിക്കാൻ നിയമം കൊണ്ടുവന്നത് ഈ സർക്കാരിന്റെ കാലത്താണ്. പോലീസിനെക്കുറിച്ചുള്ള പരാതികൾ പരിശോധിക്കുന്നതിന് അതോറിറ്റികൾ രൂപീകരിക്കാനും പോലീസ് ഉദ്യോഗസ്ഥരുടെ സേവനകാലം നിജപ്പെടുത്താനും സാധിച്ചു. പാലക്കാട് ജില്ലയിലെ സൗത്ത് പോലീസ് സ്റ്റേഷൻ ഇൻഡ്യയിലെ മികച്ച

പോലീസ് സ്റ്റേഷനായി തിരഞ്ഞെടുക്കപ്പെട്ടത് സംസ്ഥാനത്തിന് അഭിമാനകരമാണ്.

ശ്രീ. പി. ടി. എ. റഹീം: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വിവാദപരമായ പുസ്തകം തെറ്റായ സന്ദേശങ്ങൾ നൽകുന്നുവെന്ന് പറയുന്ന പ്രതിപക്ഷം, ഖുറാൻ ഉൾപ്പെടെയുള്ള പഠിക്കുന്ന 14,000 പുസ്തകങ്ങൾ കഴിഞ്ഞ ദിവസം മലപ്പുറം ജില്ലയിൽ കത്തിച്ചത് അംഗീകരിക്കാൻ കഴിയുകയില്ല മലപ്പുറം ജില്ലയിലെ സർക്കാർ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾ സ്വാശ്രയ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളെപ്പോലെ പഠിച്ച് നല്ല റിസൽറ്റ് നേടുന്നത് സഹിക്കാത്തവരാണ് പ്രതിപക്ഷം. മാറാട് സംഭവത്തിൽ മത സംഘടനകളെ കൂട്ടുപിടിച്ച് പ്രവർത്തിച്ചത് ആരും മറന്നിട്ടില്ല. നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ട് നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച കഴിഞ്ഞ സർക്കാർ എൻ. എസ്. എസ് മായി സമവായമുണ്ടാക്കുകയാണ് ചെയ്തത്. മിശ്രവിവാഹത്തെ സംബന്ധിച്ച് മതപണ്ഡിതരുടെ വീക്ഷണം ആരായാൻ ഗവൺമെന്റ് തയ്യാറാണ്.

ശ്രീ. പി. സി. ജോർജ് : ഇടതുപക്ഷ ജനാധിപത്യമുന്നണി ജനകീയമായ ഒരു നയമല്ല പിൻതുടരുന്നത്. ഗവൺമെന്റിന്റെ പോലീസ് നയം മാറ്റണം. സന്തോഷ് മാധവന്റെ കേസുമായി ബന്ധപ്പെട്ട പ്രതികളെ പിടികൂടുന്നതിനുവേണ്ടി ശക്തമായ നിലപാട് സ്വീകരിക്കണം. 2000-ൽ കേരളം സന്ദർശിച്ച വിദേശ ടൂറിസ്റ്റുകൾ 2,09,891 ആയിരുന്നുവെങ്കിൽ 2007-ൽ 5,15,808 ആയി വർദ്ധിച്ചുവെങ്കിലും ആനുപാതികമായ വരുമാനവർദ്ധന ഉണ്ടായിട്ടില്ല. 2006-07-ൽ ടൂറിസം മേഖലയിൽ കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ 122.46 കോടി രൂപ ചെലവഴിച്ചതിൽ 81.57 കോടി രൂപ സംസ്ഥാന വിഹിത

മായിരുന്നു. കഴിഞ്ഞ വർഷം പിരിച്ചെടുത്ത നികുതി 14.60 ലക്ഷം രൂപയാണ്. ഗവൺമെന്റ് സ്ഥാപനമായ കെ.ടി.ഡി.സി. കഴിഞ്ഞ പ്രാവശ്യം 9 കോടി രൂപ നികുതിയടച്ചപ്പോൾ വൻകിട ഹോട്ടലുകൾ അടച്ചത് എത്രയാണെന്ന് പരിശോധിക്കണം. വാഗമൺ ടൂറിസം പദ്ധതി ഇതുവരെ നടപ്പിലാക്കിയിട്ടില്ല. അക്കാര്യങ്ങളിൽക്കൂടി ഗവണ്മെന്റ് ശ്രദ്ധ ചെലുത്തണം.

ശ്രീ. വി. എൻ. വാസവൻ : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരള പോലീസ് ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്ന സംവിധാനമായി മാറിയിരിക്കുന്നു. ദുരന്തഭൂമിയിൽ സഹായ ഹസ്തങ്ങൾ നീട്ടി കുറ്റമറ്റ രീതിയിലുള്ള പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന ആധുനിക മുഖമാണ് ഇന്ന് പോലീസിനുള്ളത്. കുറ്റാന്വേഷണ രംഗത്ത് ഹൈടെക് സംവിധാനം ഉപയോഗപ്പെടത്തിയതുവഴി കേന്ദ്ര ഗവൺമെന്റിന്റെ ബഹുമതി നേടാൻ കഴിഞ്ഞിട്ടുണ്ട്. ദേശീയ നിലവാരമുള്ള സൈബർ സെന്റർ തിരുവനന്തപുരത്ത് സ്ഥാപിക്കാൻ കേന്ദ്ര അംഗീകാരം ലഭിച്ചിട്ടുമുണ്ട്. ദക്ഷിണേന്ത്യയിലെ ഏറ്റവും നല്ല രണ്ടാമത്തെ പോലീസ് സ്റ്റേഷനായി കേന്ദ്ര ഗവണ്മെന്റ് തെരഞ്ഞെടുത്തിരിക്കുന്നത് പാലക്കാട് സൗത്ത് സ്റ്റേഷനെയാണ്. കുറ്റകൃത്യങ്ങളുടേയും കൊലപാതകങ്ങളുടേയും മോഷണക്കുറ്റങ്ങളുടേയും കണക്കുകൾ ദേശീയ ശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ സംസ്ഥാന ത്തിലേത് കുറവാണ്. പോലീസ് സ്റ്റേഷനുകൾ മികവിന്റെ കേന്ദ്രങ്ങളായി മാറിയിരിക്കുകയാണ്. നാട്ടുകാരെ ഞെട്ടിച്ച കോട്ടയം നഗരത്തിലെ ഒറീസ്സ ദമ്പതികൾ കൊലചെയ്യപ്പെട്ട കേസും മാർവാടി കൊലപാതകക്കേസും ചേലമ്പ്ര ബാങ്ക് കൊള്ളക്കേസുൾപ്പെടെ പ്രമാദമായ കേസുകളിലെ പ്രതികളെ പിടികൂടാൻ കഴിഞ്ഞതുമെല്ലാം പോലീസ് സേനയുടെ കാര്യക്ഷമത

തെളിയിക്കുന്നതാണ്. കേരളത്തിലെ പോലീസ് സേന ജനസേവകരായി മാറിയിരിക്കുന്നു. കമ്മ്യൂണിറ്റി പോലീസ് സംവിധാനം കേരളത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നു. യു.ഡി.എഫ്. ഭരണകാലത്തുണ്ടായ സിസ്റ്റർ അഭയ കേസ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റിന്റെ കാലത്ത് ചുരുളഴിയാൻ പോകുന്നു. യു.ഡി.എഫ്. ഭരണകാലത്തുണ്ടായ സൂര്യനെല്ലിക്കേസ് അന്വേഷിച്ച് കുറ്റക്കാരെ വെളിച്ചത്തുകൊണ്ടുവന്നത് എൽ.ഡി.എഫ്. ഭരണകാലത്താണ്. ജീവനും സ്വത്തിനും സുരക്ഷിതത്വം ഉറപ്പുവരുത്താൻ കഴിയുന്ന സാഹചര്യം സംജാതമായിരിക്കുന്നതുകൊണ്ടാണ് കേരളത്തിൽ ടൂറിസ്റ്റുകളുടെ വരവ് വർദ്ധിക്കാനിടയായതും വിനോദസഞ്ചാരത്തിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടുള്ളതും. കുമരകം ടൂറിസം സങ്കേതത്തിൽ ഉത്തരവാദിത്ത ടൂറിസം നടപ്പാക്കിയതിന്റെ ഫലമായി സ്വദേശികളും വിദേശികളുമായി ധാരാളം ടൂറിസ്റ്റുകൾ വന്നുകൊണ്ടിരിക്കുന്നു. ആധുനിക സംവിധാനങ്ങളുള്ള നവീകരിക്കപ്പെട്ട ഫയർഫോഴ്സാണ് ഇപ്പോഴുള്ളത്. ദുരന്തമേഖലകളിൽ ഓടിയെത്താൻ ഹെലികോപ്റ്റർ സംഘടിപ്പിക്കുന്നതിന് ഫയർ ഫോഴ്സ് ഡിപ്പാർട്ടുമെന്റ് മുൻകൈ എടുക്കണം. പോലീസിന് പ്രൊമോഷൻ നൽകുക, അവരെ update ആക്കുന്നതിന്റെ ഭാഗമായി re-orientation course കൊടുക്കുക എന്നീ കാര്യങ്ങളെപ്പറ്റി ആഭ്യന്തര വകുപ്പ് പരിശോധിക്കണം. പശ്ചാത്തല സൗകര്യങ്ങളൊരുക്കിക്കൊടുക്കുകയും പോലീസിനെ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് അവർക്ക് ആത്മവിശ്വാസം പകർന്നുകൊണ്ടുള്ള കാര്യങ്ങൾ ചെയ്യുകയും വേണം.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനം വിദ്യാഭ്യാസ-സാംസ്ക്കാരിക-സാമൂഹിക രംഗത്തും ആരോഗ്യ പരിപാലന ശുചിത്വ കാര്യത്തിലുമെന്നതുപോലെ പോലീസ് രംഗത്തും ഇന്ത്യ യ്ക്കാകെ മാതൃകയായി മാറിക്കഴിഞ്ഞിരിക്കുന്നു. യു.ഡി.എഫ്.ന്റെ കഴിഞ്ഞ അഞ്ചു വർഷം കൊലപാതകങ്ങളുടേയും സ്ത്രീപീഡനങ്ങളുടേയും പിടിച്ചു പറിയുടേയും മോഷണത്തിന്റേയും ഹവാല മാഫിയ, പെൺവാണിഭ മാഫിയ, റിയൽ എസ്റ്റേറ്റ് മാഫിയ തുടങ്ങിയ വിവിധ മാഫിയകളുടേയും കാലഘട്ടമാ യിരുന്നു. കഴിഞ്ഞ രണ്ടുവർഷത്തെ എൽ.ഡി.എഫ്. ഭരണംകൊണ്ട് ഇക്കാര്യങ്ങളിലൊക്കെ ഒരു അറുതിവരുത്താൻ കഴിഞ്ഞിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ടൂറിസ്റ്റുകളുടെ വരവിൽ ഗണ്യമായ വർദ്ധനവുണ്ടാവുകയും ടൂറിസം മേഖലയിൽ കോടിക്കണക്കിന് രൂപയുടെ വർദ്ധനവുണ്ടാവുകയും ചെയ്തിട്ടുണ്ട്. വിദേശ ടൂറിസ്റ്റുകൾ ധാരാ ളമായി എത്തുന്ന ശാസ്താംകോട്ട ടൂറിസ്റ്റു കേന്ദ്രത്തെ ഒരു ഇക്കോ ടൂറിസ്റ്റ് കേന്ദ്രമാക്കി മാറ്റാനാവശ്യമായ ധനസഹായം നൽകണം.

<u>ശ്രീ. ബാബു എം. പാലിശ്ശേരി</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഇന്ന് കേരളത്തിലെ ഏതു വ്യക്തിക്കും ധൈര്യപൂർവ്വം കയറിച്ചെല്ലാൻ കഴിയുന്ന സുരക്ഷിത കേന്ദ്രങ്ങളായി പോലീസ് സ്റ്റേഷനുകൾ മാറിയിട്ടുണ്ട്. ശ്രീ. ടി.എൻ. പ്രതാപൻ എം.എൽ.എ.യ്ക്ക് പരിക്കേറ്റതുസംബന്ധിച്ച ഐ.ജി. തലത്തിലുള്ള അന്വേഷണത്തിൽ ഞെട്ടിപ്പിക്കുന്ന വിവരങ്ങളാണ് വന്നുകൊ ണ്ടിരിക്കുന്നത്. തൃശ്ശൂരിൽ അറിയപ്പെടുന്ന സാമൂഹ്യവിരുദ്ധരെ വച്ചാണ് എല്ലാ ദിവസവും യൂത്ത് കോൺഗ്രസ്സും കെ.എസ്.യു.വും സമരം നടത്തി ക്കൊണ്ടിരിക്കുന്നത്. കേരള പോലീസിന്റെ വലിയൊരു നേട്ടമാണ് സന്തോഷ് മാധവന്റെ അറസ്റ്റ്. അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കു

മെതിരെ ഡി.വൈ.എഫ്.ഐ. നടത്തിവരുന്ന സമരത്തിന് ധാർമ്മികമായ പിന്തുണ കൊടുക്കുകയാണ് ചെയ്യേണ്ടത്. ഇവിടെ അക്രമ സമരമാണ് യു.ഡി.എഫ് നടത്തിക്കൊണ്ടിരിക്കുന്നത്. കേരളത്തിൽ കൃഷി നശിച്ചാലും കൃഷിക്കാർ ആത്മഹത്യ ചെയ്താലും പ്രതിപക്ഷ നേതാവ് ഉൾപ്പെടെയുള്ള സർവ്വകക്ഷി സംഘത്തിന് കേന്ദ്രത്തിൽ നിന്നും ഒരു ചില്ലിക്കാശ് പോലും വാങ്ങിക്കാൻ കഴിയുന്നില്ല.

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി :</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജനക്ഷേമപരിപാടികളിൽ കേരളം മുൻപന്തിയിലാണ്. ടൂറിസം മേഖലയിൽ അഭൂതപൂർവ്വമായ മുന്നേറ്റം നടക്കുന്ന ഈ സന്ദർഭത്തിൽ അനന്തമായ വികസന സാദ്ധ്യതയുള്ള മുഴുപ്പിലങ്ങാട് പ്രദേശത്തെ . ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കി ഉയർത്താനാവശ്യമായ നടപടികൾ സ്വീകരിക്കണം. പോലീസിന്റെ സമീപനത്തിൽ കാതലായ മാറ്റങ്ങൾ വന്നിട്ടുണ്ട്. കമ്മ്യൂണിറ്റി പോലീസ് സംവിധാനം ഏർപ്പെടുത്തിയത് സ്വാഗതാർഹമാണ്. പോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം. ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്താനും. പോലീസിന്റെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് ഒരു മാനദണ്ഡം നിശ്ചയിക്കാനും നടപടി സ്വീകരിക്കണം. 18 പോലീസ് സ്റ്റേഷനുകളിൽ കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്തിയതും പോലീസ് സ്റ്റേഷനുകളിൽ റിസപ്ഷൻ കൗണ്ടർ ഉണ്ടാക്കുമെന്നുള്ള ആഭ്യന്തര മന്ത്രിയുടെ പ്രസ്താവനയും സ്വാഗതാർഹമാണ്. പോലീസ് മാന്വൽ പരിഷ്ക്കരിക്കുന്നതിലൂടെ പോലീസ് ഡിപ്പാർട്ടുമെന്റ് നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ സാധിക്കും.

<u>ശ്രീ. വി.എസ്. സുനിൽ കുമാർ</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പോലീസ് വകുപ്പിൽ ഗുണപരമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് പോലീസിനെ ശത്രുസൈന്യമായി മാറ്റാനുള്ള നടപടികളാണ് എടുത്തിരുന്നത്. 1960-ലെ പോലീസ് ആക്ട് കാലോചിതമായി പരിഷ്ക്കരിക്കാനുള്ള നടപടി സ്വീകരിക്കണം. ആംഡ് പോലീസിലുള്ളവരെക്കൂടി നിയമിച്ച് ലോക്കൽ പോലീസിനെ ശക്തിപ്പെടുത്താനുള്ള നടപടി സ്വീകരിക്കണം. പോലീസിന്റെ പ്രൊമോഷന്റെ കാര്യത്തിലും അവരുടെ ക്ഷേമ പ്രവർത്തന കാര്യങ്ങളിലും ക്രിയാത്മകമായ നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കമ്മ്യൂണിറ്റി പോലീസ് സംവിധാനം രൂപീകരിച്ച് പോലീസിനെ ജനോപകാരപ്രദമായ ഒരു സേനയായി മാറ്റാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. സ്കൂൾ-കോളേജ് ക്യാമ്പസ്സുകളിലും പ്രൊഫഷണൽ കോളേജ് ക്യാമ്പസ്സുകളിലും മത-വർഗ്ഗീയവാദികൾ തമ്പടിച്ച് പ്രവർത്തനം നടത്തുന്നത് തടയാൻ ഫലപ്രദമായ നടപടി സ്വീകരിക്കണം. ആശ്രമങ്ങളിൽ സ്ഥിര സന്ദർശനം നടത്തുകയും അവരെ സഹായിക്കുകയും ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണം. ടൂറിസം മേഖലയിൽ ഏത് രൂപത്തിലാണ് നാല് സോണുകൾ ഉണ്ടാക്കാൻ പോകുന്നതെന്നതിനെക്കുറിച്ച് വ്യക്തമാക്കണം. ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കണം. ഫയർ ഫോഴ്സിൽ മുങ്ങൽ വിദഗ്ധരെ നിയമിക്കാൻ നടപടി സ്വീകരിക്കണം.

**പ്രത്യേക പരാമർശം**

മലയാള മനോരമ ഓഫീസിനു നേരെയുണ്ടായ ആക്രമണം

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി) : കോട്ടയത്ത് എസ്.എഫ്.ഐ.ക്കാരുടെ അക്രമ വിരുദ്ധ ജാഥ നടക്കുന്നതിനിടയിൽ ഒരു പ്രകോപനവുമില്ലാതെ ഒരു എസ്.ഐ-യെ തള്ളി താഴെയിട്ടു. അക്രമവിരുദ്ധ റാലിയിലെ ഈ അസാധാരണ ദൃശ്യം ക്യാമറയിൽ പകർത്തിയ മലയാള മനോരമ ക്യാമറാമാൻ പ്രദീപിനെ ക്രൂരമായി മർദ്ദിച്ചു. രക്ഷപ്പെടാൻ വേണ്ടി മനോരമ ആഫീസിലേയ്ക്കു ഓടിപ്പോയ അദ്ദേഹത്തെ പിന്തുടർന്ന് എസ്.എഫ്.ഐ പ്രവർത്തകർ ആക്രമിക്കുകയും മനോരമ ഓഫീസ് എറിഞ്ഞ് തകർക്കുകയും ചെയ്തു.. പ്രദീപിനെ രക്ഷപ്പെടുത്താൻ പോലീസ് ജീപ്പിൽ കയറ്റിക്കൊണ്ടു പോയ സമയത്ത് പോലീസ് ജീപ്പിൽ കയറി എസ്.എഫ്.ഐ പ്രവർത്തകർ അടിച്ചു. ഇത് മാദ്ധ്യമപ്രവർത്തകർക്കുനേരെയുള്ള കടന്നുകയറ്റമാണ്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ തന്ന കുറിപ്പനുസരിച്ച് ഇതെക്കുറിച്ച് അന്വേഷിച്ചു. ആശുപത്രിയിലുണ്ടായിരുന്ന യൂത്ത് കോൺഗ്രസ് പ്രവർത്തകരെ ആശുപത്രിയിൽ നിന്നും മോചിപ്പിച്ചതിനുശേഷം യൂത്ത് കോൺഗ്രസ്സുകാർ വരുന്ന വഴിക്ക് ജാഥയായി വന്ന എസ്.എഫ്.ഐ. പ്രവർത്തകരുമായി സംഘർഷമുണ്ടായി. ഈ സമയത്ത് ഫോട്ടോ എടുക്കാൻ ശ്രമിച്ച പ്രദീപിന് പരിക്കേറ്റിട്ടുണ്ട്. റിപ്പോർട്ട് കിട്ടിയ ഉടനെ മലയാള മനോരമ ഓഫീസ് തകർത്തതിനെക്കുറിച്ചും മാദ്ധ്യമ പ്രവർത്തകരെ മർദ്ദിച്ചതിനെക്കുറിച്ചും

കർശന നടപടി എടുക്കണമെന്ന് ജില്ലാ പോലീസ് സൂപ്രണ്ടിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

<u>ശ്രീ.പി. ജയരാജൻ</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ ഏത് ഭാഗത്ത് അക്രമങ്ങളുണ്ടായാലും അത് അവസാനിപ്പിക്കുന്നതിനും നിരുത്സാഹപ്പെടുത്തുന്നതിനും രാഷ്ട്രീയ നേതാക്കൾ തയ്യാറാകണം. പോലീസിന്റെ ഭാഗത്തുനിന്ന് എന്തെങ്കിലും കൃത്യവിലോപമുണ്ടായാൽ അത് തിരുത്തും. യഥാർത്ഥ വസ്തുതകൾ പറയുന്നതിനുപകരം പ്രതിപക്ഷം പിന്തിരിപ്പൻ നയങ്ങളെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ ഇടതുപക്ഷഭരണം മതവിശ്വാസം തകർക്കുന്നു എന്നുള്ളതാണ് പ്രതിപക്ഷത്തിന്റെ ആക്ഷേപം. പ്രതിപക്ഷം ഇപ്പോൾ നടത്തിവരുന്ന സമരത്തിൽനിന്ന് പിന്തിരിയണം. ഒരു പാഠപുസ്തകത്തിലൂടെ മതത്തെ ഇല്ലാതാക്കാനോ ജനങ്ങളുടെ മനസ്സിൽനിന്ന് മതം നിർമ്മാർജ്ജനം ചെയ്യാനോ കഴിയുമെന്നുള്ള ധാരണ ഈ ഗവൺമെന്റിനില്ല. പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് ഒരു മതനിരാസവും ഇവിടെ ഉണ്ടായിട്ടില്ല. മാർക്സ്, ലെനിൻ തുടങ്ങിയ മഹാൻമാരുടെ മതനിർവ്വചനവും കാഴ്ചപ്പാടും ഉയർത്തിപ്പിടിച്ചുകൊണ്ടാണ് ഇടതുപക്ഷ പ്രസ്ഥാനം ഈ സമൂഹത്തിൽ പ്രവർത്തിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ക്രമസമാധാനപാലനത്തിന്റെ കാര്യത്തിൽ ഒട്ടേറെ ഗുണപരമായ മാറ്റങ്ങൾ ഉണ്ടായി. സാമൂഹ്യവിരുദ്ധ ശക്തികളേയും മാഫിയകളേയും അടിച്ചമർത്താൻ ധീരമായ നടപടികൾ സ്വീകരിച്ചു. ആൾദൈവങ്ങൾക്കെതിരെയും വ്യാജസിദ്ധൻമാർക്കെതിരെയും കർശന നടപടികൾ സ്വീകരിച്ചു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ടൂറിസം മേഖലയ്ക്ക് അംഗീകാരം ലഭിച്ചിരിക്കുകയാണ്. കേരളത്തിൽ ഭക്ഷ്യസുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിന് പാൽ, മുട്ട,

നെല്ല് തുടങ്ങിയവയുടെ ഉല്പാദനം വർദ്ധിപ്പിക്കണം. കാർഷിക മേഖലയിൽ പുരോഗതി ഉണ്ടാക്കുന്നതിന് സമഗ്രമായ ഒരു പദ്ധതി ആവിഷ്കരിച്ചിരിക്കുകയാണ്.

ശ്രീ.കെ. സുധാകരൻ : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ പോലീസ് നയം കേരളത്തിലെ ക്രമസമാധാനം സംരക്ഷിക്കാൻ ഗുണകരമാണോയെന്നുള്ളത് പരിശോധിക്കണം. പോലീസിന്റെ ഇരട്ടത്താപ്പ് നയം അവസാനിപ്പിക്കണം. പോലീസിന്റെ കാര്യക്ഷമതാ തകർച്ചയ്ക്ക് ഉത്തരവാദി ആരാണെന്ന് കണ്ടെത്തണം. സി.പി.ഐ.(എം) പോലീസിനെ ആജ്ഞാനുവർത്തികളാക്കി മാറ്റിയിരിക്കുകയാണ്. പോലീസിനെക്കുറിച്ച് കോടതികൾ പൊതുവായി നടത്തിയിട്ടുള്ള നിരീക്ഷണങ്ങളെ സംബന്ധിച്ച് വിലയിരുത്തൽ നടത്തണം. പോലീസിനെ രാഷ്ട്രീയ പാർട്ടികളുടെ ആജ്ഞാനുവർത്തികളാക്കുകയല്ലാതെ ആത്മാഭിമാനത്തോടെ പ്രവർത്തിക്കാൻ ഈ സർക്കാർ അനുവദിക്കുന്നില്ല. പോലീസിനെ മോഡേണൈസ് ചെയ്യാനുള്ള ഫണ്ട് മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുകയാണ്. പോലീസിലെ ഉന്നത ഉദ്യോഗസ്ഥർ ഒന്നിലധികം വാഹനങ്ങൾ ഉപയോഗിക്കുന്നുണ്ട്. ക്വാളിഫൈഡായ ഉദ്യോഗസ്ഥരുടെ അപര്യാപ്തതമൂലം ഫോറൻസിക് ലാബിന്റെ പ്രവർത്തനം നിലച്ചിരിക്കുകയാണ്. 'കംപ്ലൈന്റ് അതോറിറ്റി' യുടെ പ്രവർത്തനം നിശ്ചലമായി. ടെമ്പിൾ സ്ക്വാഡിന്റെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കണം. കമ്മ്യൂണിറ്റി പോലീസ് സംവിധാനം വന്നതിനുശേഷം കേസ്സുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാവുകയാണ് ചെയ്തത്. ജനമൈത്രി സുരക്ഷാ പദ്ധതി ലക്ഷ്യത്തിലെത്തിക്കാൻ സാധിച്ചിട്ടില്ല. രണ്ട് വർഷംകൊണ്ട് ആഭ്യന്തര വകുപ്പിലെ വിവിധ

വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ സ്തംഭിച്ചിരിക്കുകയാണ് കൊള്ള, കൊല, കവർച്ച, പിടിച്ചുപറി തുടങ്ങിയ പ്രവർത്തനങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. മഹാഭൂരിപക്ഷം കേസ്സുകളും തെളിയിക്കപ്പെടാതെ കിടക്കുകയാണ്. തീവ്രവാദ സംഘടനകൾ കേരളത്തിലെ വിവിധ ഭാഗങ്ങളിൽ വേരുറപ്പിച്ചിരിക്കുകയാണ്. കേരളത്തിലെ ക്രമസമാധാനനില തകർന്നുകൊണ്ടിരിക്കുന്നു. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണമില്ലാത്ത അവസ്ഥയാണ്.

ധനകാര്യവകുപ്പുമന്ത്രി (ഡോ.തോമസ് ഐസക്): ടൂറിസവുമായി ബന്ധപ്പെട്ട് നടന്ന ധനാഭ്യർത്ഥന ചർച്ചയിൽ നികുതി വരുമാനം വർദ്ധിക്കുന്നില്ലെന്നും പിരിക്കുന്നില്ലെന്നുമുള്ള വിമർശനം ശ്രീ. പി.സി. ജോർജ് ഉന്നയിക്കുകയുണ്ടായി. 2005-2006 കാലഘട്ടത്തിൽ 40 കോടി രൂപയാണ് ലക്ഷ്വറി ടാക്സ് ഇനത്തിൽ പിരിച്ചിരുന്നത്. അത് 2006-2007- ആയപ്പോൾ 51 കോടി രൂപയായും 2007-2008- ആയപ്പോൾ 80 കോടി രൂപയായും വർദ്ധിച്ചു. ഈ വർഷം അത് 100 ശതമാനം വർദ്ധനവ് കൈവരിക്കണമെന്ന ലക്ഷ്യത്തോടുകൂടിയാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ആയൂർവേദ ആശുപത്രിയുടെ മറവിൽ പ്രവർത്തിക്കുന്ന റിസോർട്ടുകളിൽനിന്ന് നികുതി പിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ലക്ഷ്വറി ടാക്സ് പിരിക്കുന്നതിന് ഓരോ ജില്ലയിലും പ്രത്യേക വിഭാഗത്തെ ഏർപ്പെടുത്തിയിട്ടുണ്ട്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ടൂറിസം രംഗത്ത് സംസ്ഥാനത്ത് നല്ല വളർച്ച ഉണ്ടായിട്ടുണ്ട്. ഏറ്റവും മികച്ചതെന്ന ബഹുമതി കേരള ടൂറിസത്തിന്റെ വെബ്സൈറ്റിന് ഇന്ത്യാ ഗവൺമെന്റിൽ നിന്ന് ലഭ്യമായിട്ടുണ്ട്. ഇന്ത്യയിലെ ടൂറിസം മേഖലയിൽ കേരളം ഒന്നാം സ്ഥാനത്തും അന്താരാഷ്ട്ര തലത്തിൽ 10-ാം സ്ഥാന

ത്തുമാണ് ഉള്ളത്. ലോകത്തിലെ 50 പ്രധാനപ്പെട്ട ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിലൊന്നായി കേരളത്തെ അംഗീകരിച്ചിട്ടുണ്ട്. ടൂറിസത്തെ 1986-ൽ വ്യവസായമായി പ്രഖ്യാപിച്ചതിനുശേഷം ക്രമാനുഗതമായ വളർച്ച സംസ്ഥാനത്തുണ്ടായിട്ടുണ്ട്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഈ രംഗത്ത് വരുമാനത്തിൽ 25 ശതമാനം വളർച്ച നേടാൻ കഴിഞ്ഞിട്ടുണ്ട്. ടൂറിസം രംഗത്ത് കൂടുതൽ നേട്ടങ്ങൾ കൈവരിക്കാനുള്ള പ്രവർത്തന പരിപാടികൾ ആവിഷ്ക്കരിക്കാനും നിക്ഷേപം വർദ്ധിപ്പിക്കാനുമാണ് സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നത്. ഈ വർഷം 1500 കോടി രൂപയുടെ നിക്ഷേപം സ്വകാര്യ മേഖലയിൽ നിന്നും മറ്റ് വിവിധ മേഖലകളിൽനിന്നും സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നത്. കേന്ദ്രസഹായം, നബാർഡിൽനിന്നുള്ള സഹായം, സംസ്ഥാന ബഡ്ജറ്റ് വിഹിതം, സർക്കാർ നൽകുന്ന പ്രത്യേക സഹായങ്ങൾ ഇതെല്ലാം ഉപയോഗിച്ചുകൊണ്ട് ഈ വർഷം 336 കോടി രൂപ ടൂറിസം മേഖലയിൽ വിനിയോഗിക്കാൻ സാധിക്കും. ഡി.റ്റി.പി.സി. യുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ ഉദ്ദേശിക്കുകയാണ്. ടൂറിസം മേഖലയിലെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. ടൂറിസ്റ്റുകളുടെ ആവശ്യത്തിന് 40,000-ത്തോളം ക്ലാസ്സിഫൈഡ് റൂമുകളുടെ അഭാവം കേരളത്തിലുണ്ട്. ഈ വർഷം 2000 ക്ലാസ്സിഫൈഡ് റൂമുകൾ സജ്ജമാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. കേരളത്തിലെ വിവിധ പ്രദേശങ്ങളിലെ ടൂറിസ്റ്റ് പ്രോജക്ടുകൾ ഏറ്റെടുക്കേണ്ട കാര്യത്തെക്കുറിച്ച് പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്. ഓരോ പ്രദേശത്തേയും ടൂറിസ്റ്റ് കേന്ദ്രങ്ങളെ അടിസ്ഥാനമാക്കി അതാതു സ്ഥലത്തെ എം.എൽ.എ. ചെയർമാനായി ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. തദ്ദേശ ഭരണസ്ഥാപനങ്ങളുടെ സഹകരണത്തോടെ ടൂറിസം വികസിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരി

ക്കുകയാണ്. കുമരകം, തേക്കടി, കോവളം, വയനാട് എന്നീ സ്ഥലങ്ങളെ റെസ്പോൺസിബിൾ ടൂറിസം പദ്ധതിയുടെ ഭാഗമായിട്ടുള്ള സെന്ററുകളായി പ്രഖ്യാപിച്ചിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങൾക്കാവശ്യമായ ഭക്ഷണസാധനങ്ങൾ കുടുംബശ്രീ യൂണിറ്റുകളുടെ സഹായത്തോടെ അതാത് പഞ്ചായത്തുകളിൽ ഉൽപ്പാദിപ്പിക്കാനുള്ള സംവിധാനം ഉണ്ടാക്കി തദ്ദേശവാസികൾക്കുകൂടി ടൂറിസം വികസനത്തിന്റെ പ്രയോജനം ലഭ്യമാക്കാനാണ് ഗവണ്മെന്റ് ഉദ്ദേ ശിക്കുന്നത്. മുഴുപ്പിലങ്ങാട് ടൂറിസം കേന്ദ്രമാക്കി വികസിപ്പിക്കുന്നതിന്റെ ഭാഗമായി കെ.ടി.ഡി.സി. അവിടെ ഒരു ടൂറിസ്റ്റ് റിസോർട്ട് നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് അത് തുടങ്ങുന്നതാണ്. ശാസ്താംകോട്ട, വാഗമൺ, ഇലവീഴാപൂഞ്ചിറ തുടങ്ങിയ സ്ഥലങ്ങൾ ടൂറിസ്റ്റ് കേന്ദ്രങ്ങളാക്കുന്ന കാര്യം ഗവൺമെന്റിന്റെ ആലോചനയിലുണ്ട്. സംസ്ഥാനത്തെ ടൂറിസ്റ്റ് വികസനത്തിന് അനുയോജ്യ മായ സ്ഥലങ്ങൾ മുഴുവൻ ടൂറിസ്റ്റ് കേന്ദ്രങ്ങളാക്കി വികസിപ്പിച്ചെടുക്കാനുള്ള പദ്ധതിയാണ് ഗവൺമെന്റിന്റെ പരിഗണനയിലുള്ളത്. പരിസ്ഥിതിക്ക് കോട്ടം തട്ടാത്തതും തദ്ദേശവാസികൾക്ക് പ്രയോജനം ലഭിക്കുന്നതുമായ ടൂറിസമാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. തടവുകാരുടെ എണ്ണം കണക്കിലെടുക്കുമ്പോൾ ജയിലുകളിലുള്ള സൗകര്യം തീർത്തും അപര്യാപ്തമാണ്. ഇത് പരിഹരിക്കാൻ പുതിയ സബ് ജയിലുകളും ഡിസ്ട്രിക്ട് ജയിലുകളും നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതോടൊപ്പം നിലവിലുള്ള ജയിലുകളിൽ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കാനുള്ള നടപടികളും സ്വീകരിക്കുന്നതാണ്. ജയിൽ തടവുകാർക്ക് മനുഷ്യാവകാശങ്ങൾ ഉണ്ടെന്നുള്ള ഉത്തമ ബോധ്യത്തോടുകൂടിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. തടവുകാർ

മൊബൈൽ ഫോൺ ഉപയോഗിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടപ്പോൾത്തന്നെ പിടിച്ചെടുക്കാനുള്ള കർശന നടപടികൾ സ്വീകരിച്ചു. മൊബൈൽ ജാമർ സിസ്റ്റം കണ്ണൂർ ജയിലിൽ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ അധികാര പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഗവർണ്ണറുടെ അംഗീകാരത്തോടുകൂടി 14 വർഷം കഴിഞ്ഞ 105 ജീവപര്യന്തം തടവുകാരെ വിട്ടയച്ചു. ജയിൽത്തടവുകാർ ചെയ്യുന്ന തൊഴിലിനുള്ള വേതനം 23 രൂപ മുതൽ 63 രൂപ വരെയാക്കി വർദ്ധിപ്പിച്ചു. ജയിലുകളിൽ പുതിയ തൊഴിൽ പദ്ധതികൾ ആവിഷ്ക്കരിച്ച് ഗവൺമെന്റിന് കൂടുതൽ വരുമാനം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിച്ചുകിട്ടാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുവരുന്നുണ്ട്. എല്ലാത്തരത്തിലുമുള്ള കുറ്റകൃത്യങ്ങളും കേസാക്കി രജിസ്റ്റർ ചെയ്യുന്നതുകൊണ്ടാണ് കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നതായി തോന്നുന്നത്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ പോലീസ് സ്റ്റേഷനുകളിൽ നിർഭയം പരാതിയുമായി ചെല്ലാൻ ജനങ്ങൾക്ക് സാധിക്കുന്നു എന്നത് പോലീസ് വകുപ്പിന്റെ കാര്യക്ഷമതയുടെ തെളിവാണ്. ക്രമസമാധാന പരിപാലനത്തിന്റെ കാര്യത്തിൽ കേരളം ഒന്നാം സ്ഥാനത്താണെന്ന കാര്യം ഇൻഡ്യാ ടുഡേയുടെ സർവ്വേയിലും കോൺഫെഡറേഷൻ ഓഫ് ഇൻഡ്യൻ ഇൻഡസ്ട്രീസിന്റെ പഠന റിപ്പോർട്ടിലും പ്രതിപാദിച്ചിട്ടുണ്ട്. പാലക്കാട് സൗത്ത് പോലീസ് സ്റ്റേഷനാണ് ഇൻഡ്യയിലെ ഏറ്റവും നല്ല പോലീസ് സ്റ്റേഷനായി അംഗീകരിക്കപ്പെട്ടിട്ടുള്ളത്. മുൻകാലത്തെ അപേക്ഷിച്ച് സംസ്ഥാനത്ത് കവർച്ചകൾ കുറഞ്ഞിട്ടുണ്ട്.

നിലവിലുള്ള പോലീസ് സംവിധാനം ഉപയോഗിച്ച് കാര്യക്ഷമമായ പ്രവർത്തനം നടത്തുന്നതിലും കവർച്ചാ സംഘങ്ങളെ പിടികൂടുന്നതിലും മുൻകാലങ്ങളേക്കാൾ വിജയിച്ചിട്ടുണ്ട്. സംസ്ഥാനത്തെ അഞ്ച് പോലീസ് സ്റ്റേഷനുകളിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കിയിട്ടുണ്ട്. ഒരുവർഷം കൊണ്ട് സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കും. ഉദ്യോഗസ്ഥർ സർക്കാർ വാഹനങ്ങൾ ദുരുപയോഗം ചെയ്യരുതെന്ന് കർശന നിർദ്ദേശം നൽകും. ടെമ്പിൾ സ്ക്വാഡിന്റെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. 14 കേന്ദ്രങ്ങളിൽ നടപ്പിലാക്കിയ കമ്മ്യൂണിറ്റി പോലീസിംഗിൽ പാകപ്പിഴ ഉണ്ടെങ്കിൽ പരിഹരിക്കാൻ ഗവൺമെന്റ് തയ്യാറാണ് പോലീസ് സേനയുടെ അംഗസംഖ്യ വർദ്ധിക്കുന്ന മുറയ്ക്ക് കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് കമ്മ്യൂണിറ്റി പോലീസിംഗ് വ്യാപിപ്പിക്കുന്നതാണ്. ക്രമസമാധാനം തകർക്കുന്നതിനു വേണ്ടിയാണ് പാഠപുസ്തകത്തിന്റെ പേരിൽ കോൺഗ്രസ്സിന്റെ യുവജനവിഭാഗം സമരം നടത്തുന്നത്. 2007-ൽ സംസ്ഥാനത്ത് ഒരൊറ്റ ലോക്കപ്പ് മരണംപോലും റിപ്പോർട്ട് ചെയ്തിട്ടില്ല. യു. ഡി. എഫ്. ഭരണകാലത്ത് നടന്ന ഒരൊറ്റ വെടിവെയ്പ്പിനെക്കുറിച്ചുപോലും ഗവണ്മെന്റ് അന്വേഷണം നടത്തിയിട്ടില്ല. ശ്രീ. ടി. എൻ. പ്രതാപന് പരിക്കുപറ്റിയ സംഭവത്തെക്കുറിച്ച് അന്വേഷിക്കാൻ ഗവൺമെന്റ് ഉത്തരവിട്ടിട്ടുണ്ട്. എന്തെല്ലാം പ്രകോപനം ഉണ്ടായാലും ജനപ്രതിനിധികൾക്ക് സംരക്ഷണം നൽകണമെന്ന് പോലീസിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ജനകീയ സമരങ്ങളെ അടിച്ചമർത്തുക എന്നുള്ളത് ഈ ഗവൺമെന്റിന്റെ സമീപനമല്ല. ഭരണം ഉപയോഗിച്ചും പോലീസിനെ ഉപയോഗിച്ചും അധികാരം നിലനിർത്താൻ ഒരു

ഗവൺമെന്റിനും കഴിയില്ല. മലപ്പുറത്ത് മാധ്യമപ്രവർത്തകർക്ക് നേരേയുണ്ടായ അക്രമത്തെ ഗൗരവമായി കാണുകയും കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുകയും ചെയ്യും.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): മാധ്യമങ്ങൾക്കെതിരെയുണ്ടാകുന്ന അക്രമപ്രവർത്തനങ്ങളോട് യോജിക്കാൻ പറ്റില്ല ഇന്നലെ മലപ്പുറത്ത് മാധ്യമപ്രവർത്തകർക്കു നേരെയുണ്ടായ സംഭവം നിർഭാഗ്യകരവും നിയമവിരുദ്ധവുമാണ്. അതിന് ഉത്തരവാദികളായവരുടെ പേരിൽ നടപടി സ്വീകരിക്കണം. എസ്. എഫ്. ഐ. പ്രവർത്തകർ മനോരമ ഓഫീസ് തകർത്തതിനും മാധ്യമപ്രവർത്തകരെ മർദ്ദിച്ചതിനും ഖേദം പ്രകടിപ്പിക്കാനും പാർട്ടിതലത്തിൽ നടപടി സ്വീകരിക്കാനും ഗവൺമെന്റ് തയ്യാറാകണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: വിദ്യാർത്ഥികൾ നക്സലൈറ്റ് മോഡലിൽ സമരം നടത്താൻ പാടില്ല. ഇത്തരം സമരങ്ങളെ അപലപിച്ചില്ലെങ്കിൽ നാട്ടിൽ അരാജകത്വം ഉണ്ടാകും. ഗവൺമെന്റിനെതിരെ അക്രമങ്ങൾ നടത്തുന്നത് കോൺഗ്രസ്സ് പാർട്ടിക്ക് യോജിച്ചതല്ല. സമരമാർഗ്ഗത്തിൽനിന്നും യുവജനവിദ്യാർത്ഥി വിഭാഗത്തെ പിൻതിരിപ്പിക്കണം. പ്രശ്നങ്ങൾ ചർച്ചചെയ്ത് പരിഹരിക്കാമെന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞ സ്ഥിതിക്ക് പാഠപുസ്തക വിവാദ സമരത്തിൽനിന്ന് പിന്മാറണം. അറസ്റ്റ് ചെയ്ത പ്രതിയെ പോലീസ് സ്റ്റേഷനിൽനിന്ന് ബലമായി ഇറക്കിക്കൊണ്ടുപോകുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കും

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി) : സംസ്ഥാനത്ത് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്ത സംഭവങ്ങളെപ്പോലും മറച്ചുവയ്ക്കാൻ ശ്രമിക്കുന്ന

ഗവൺമെന്റിന്റെ നിലപാടിനോട് യോജിക്കാൻ നിർവ്വാഹമില്ലാത്തതുകൊണ്ട്. ശേഷിക്കുന്ന സഭാനടപടികൾ പ്രതിപക്ഷം ബഹിഷ്ക്കരിക്കുകയാണ്.

(പ്രതിപക്ഷം ഒന്നടങ്കം സഭാനടപടികൾ ബഹിഷ്ക്കരിച്ചു)

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ :</u> സന്തോഷ് മാധവന്റെ കേസിൽ നടപടി എടുക്കാൻ അന്നത്തെ ഗവൺമെന്റ് ഒരു നടപടിയും സ്വീകരിച്ചില്ല. എന്നാൽ ഈ ഗവൺമെന്റിന്റെ നിരന്തര നിരീക്ഷണത്തിൽ പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ പീഡിപ്പിച്ചതായി മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ശക്തമായ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. യു. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്തുണ്ടായ പെൺവാണിഭ ക്കേസ്സുകളിലെ പ്രതികളെ കണ്ടെത്തിയത് ഈ ഗവണ്മെന്റാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ച അംഗങ്ങൾ സഭയിലില്ലാതിരുന്നതിനാൽ അവ വോട്ടിനിട്ടില്ല.

നീതിന്യായനിർവ്വഹണം എന്ന III–ാം നമ്പർ ധനാഭ്യർത്ഥനയും പോലീസ് എന്ന XII–ാം നമ്പർ ധനാഭ്യർത്ഥനയും ജയിലുകൾ എന്ന XIII–ാം നമ്പർ ധനാഭ്യർത്ഥനയും വിനോദസഞ്ചാരം എന്ന XLII–ാം നമ്പർ ധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

(സഭ വൈകുന്നരം 5.35-ന് പിരിഞ്ഞു).